മി. സ്പീക്കർ: ഓർഡർ... ഓർഡർ... ചോദ്യം നമ്പർ (*61 )

## സൗജന്യ കുടിവെള്ള വിതരണം

1 (*61) ശ്രീ. ചാണ്ടി ഉമ്മൻ:

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:

ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് സൗജന്യ കുടിവെള്ള വിതരണം നടത്തുന്ന പദ്ധതി തുടരണമെങ്കിൽ അടിയന്തര സഹായം ആവശ്യമാണെന്ന് ജല അതോറിറ്റി സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ജൽ ജീവൻ മിഷൻ പ്രകാരം നിലവിൽ എത്ര കുടുംബങ്ങൾക്കാണ് ഇപ്രകാരം സൗജന്യ കുടിവെള്ളം നൽകുന്നത്; സൗജന്യ കുടിവെള്ള പദ്ധതിയിൽനിന്നും പിന്മാറേണ്ടിവരുന്ന സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് സൗജന്യ കുടിവെള്ള വിതരണം നടത്തുന്ന പദ്ധതി തുടരുന്നതിനാവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. റോഷി അഗസ്റ്റിൻ</u>): സർ,

(എ) ഉണ്ട്. കേരള വാട്ടർ അതോറിറ്റിക്ക് 123.88 കോടി രൂപ അധിക നോൺ പ്ലാൻ ഗ്രാന്റ് അനുവദിക്കണമെന്നാവശ്യപ്പെട്ട് വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ജൽ ജീവൻ മിഷൻ പ്രകാരം നൽകിയ വാട്ടർ കണക്ഷനുകളിൽ നിലവിൽ 464629 ബി.പി.എൽ. കുടുംബങ്ങൾക്കാണ് കണക്ഷൻ നൽകിയിട്ടുള്ളത്. ഇവരിൽ 15000 ലിറ്ററിന് താഴെ പ്രതിമാസം ജല ഉപയോഗമുള്ള ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്ന ഉപഭോക്താക്കൾക്ക് കേരള വാട്ടർ അതോറിറ്റി സൗജന്യമായാണ് കുടിവെള്ളം നൽകിവരുന്നത്. 2023-ൽ വാട്ടർ ചാർജ് വർധനവ് വരുത്തിയതിനുശേഷം ബി.പി.എൽ. സബ്സിഡി പ്രയോജനപ്പെടുത്തുന്ന ഉപഭോക്താക്കളുടെ എണ്ണത്തിലും നൽകുന്ന സബ്സിഡി

തുകയിലും വർധനവ് ഉണ്ടായിട്ടുണ്ട്. 2024 സാമ്പത്തിക വർഷത്തെ ബി.പി.എൽ. ഇളവിനായി പത്ത് ലക്ഷത്തിലധികം പേർ അപേക്ഷിച്ചിട്ടുണ്ട്. ഇതിൻപ്രകാരം പ്രതിമാസ ബി.പി.എൽ. ഡിമാൻഡ് ഏകദേശം 10 മുതൽ 12 കോടി രൂപയോളം വരുമെന്നാണ് കണക്കാക്കുന്നത്. ബി.പി.എൽ. ഉപഭോക്താക്കൾക്ക് സൗജന്യ കുടിവെള്ളം നൽകിയ ഇനത്തിൽ ചെലവായ തുക 06/2024 വരെ 138.21 കോടി രൂപയാണ്. ബി.പി.എൽ. സബ്സിഡിക്ക് തുല്യമായ തുക ഗ്രാന്റ് അനുവദിക്കുന്നതിനായി വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(സി) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് സൗജന്യ കുടിവെള്ള വിതരണം നടത്തുന്ന പദ്ധതി തുടർന്നുവരുന്നുണ്ട്.

<u>ശ്രീ. ചാണ്ടി ഉമ്മൻ</u>: സർ, കുടിവെള്ള ചാർജ് മൂന്നിരട്ടി വർധിപ്പിച്ചിട്ടുണ്ട്. ജൽ ജീവൻ മിഷൻ പൂർത്തീകരിക്കുന്നതിന് സംസ്ഥാനവിഹിതമായി കണ്ടെത്തേണ്ടത് 17500 കോടി രൂപയാണ്. കരാറുകാർക്കുമാത്രം 4000 കോടി രൂപ കൊടുക്കാനുണ്ട്. പെൻഷൻകാരും കരാറുകാരും കൊടുത്ത കേസുകളുടെ 44

എണ്ണമാണ്. തിരുവോണത്തിന് കരാറുകാർ പട്ടിണി സമരത്തിലായിരുന്നു. ഈയൊരു സാഹചര്യത്തിൽ എങ്ങനെയാണ് സൗജന്യ കുടിവെള്ള പദ്ധതിയുടെ ചെലവ് അതോറിറ്റി കണ്ടെത്തുന്നതെന്ന് വിശദീകരിക്കാമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഈ പദ്ധതിയെ സംബന്ധിച്ച് ധാരാളം ചർച്ചകൾ ഇതിനോടകംതന്നെ നടത്തിക്കഴിഞ്ഞു. ഇവിടെ സൂചിപ്പിച്ചതുപ്രകാരം കരാറുകാർക്ക് നൽകാനുള്ള തുകയെ സംബന്ധിച്ച് അത്തരമൊരു ആശങ്കയുടെ ആവശ്യമുണ്ടോയെന്ന് നമ്മുടെ ഹൗസ് വിലയിരുത്തണം. കേരളത്തിലാകെയുള്ള കരാറുകാരുടെ എണ്ണം 1313 ആണ്. 1313 കരാറുകാർ കേരള വാട്ടർ അതോറിറ്റിയുടെ ജൽ ജീവൻ മിഷനുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്. കുടിശ്ശികയുടെ ഇന്നത്തെ അവസ്ഥയെടുത്ത് പരിശോധിച്ചാൽപ്പോലും, ഏഴ് മാസത്തിൽ കൂടുതൽ കുടിശ്ശിക വരുന്ന സ്ഥിതി നിലവിലില്ല. ഇതിനോടകം 10300 കോടി രൂപയിലധികം നമ്മൾ നൽകിക്കഴിഞ്ഞു. ഇപ്പോൾ കേരളത്തിൽ ഏകദേശം 35810 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. നമ്മൾ നൽകിയ തുകയുടെയും നൽകാനുള്ള തുകയുടെയും അന്തരമെടുത്ത്

പരിശോധിച്ചാൽ, പൊതുമരാമത്ത് വകുപ്പിന്റെ മാനദണ്ഡമനുസരിച്ച് ഒരു വർക്ക് ആരംഭിച്ചാൽ പത്ത് ശതമാനമെങ്കിലും ആകുമ്പോഴാണ് സാധാരണ പാർട്ട് ബിൽ നൽകാറുള്ളത്. പക്ഷെ നിയമത്തിൽ എല്ലാ തലത്തിലും അങ്ങനെയുണ്ടോയെന്ന് അറിയില്ല. എന്നാൽ വാട്ടർ അതോറിറ്റി വിളിച്ചിട്ടുള്ള ദർഘാസുകളിലെല്ലാം അത് കൃത്യമായി പറയുന്നുണ്ടെങ്കിലും വരുന്ന ബില്ലുകൾ അപ്പോൾത്തന്നെ അപ്‌ലോഡ് ചെയ്യുന്ന ഒരു സ്ഥിതി തുടർന്നുവരുന്നത് കരാറുകാർക്ക് സഹായകമാകട്ടെ എന്നതുകൊണ്ടാണ്. ജൽ ജീവൻ മിഷൻ പദ്ധതി നടത്തുന്നതിന്റെ ഭാഗമായി വാട്ടർ അതോറിറ്റി 17500 കോടി രൂപ കണ്ടെത്തേണ്ടതുണ്ടെങ്കിലും അത് സംസ്ഥാന സർക്കാർ നൽകാൻ തയ്യാറാണെന്ന് ഈ സഭയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചട്ടം 300 പ്രകാരമുള്ള പ്രസ്താവനയിൽ പ്രയോരിറ്റി വർക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. അതുകൊണ്ട് ഈ ആശങ്കയ്ക്ക് യാതൊരു പ്രസക്തിയുമില്ല. നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കുന്ന സുസ്ഥിരമായ ഈ കുടിവെള്ള പദ്ധതി എത്രയുംവേഗം നടപ്പിലാക്കിയെടുക്കാൻ എം.എൽ.എ.-മാരും ജനപ്രതിനിധികളും ശ്രദ്ധിക്കണം. കഴിഞ്ഞ രണ്ടാഴ്ച മുമ്പാണ് 390 കോടി രൂപയുടെ കേന്ദ്രവിഹിതം

ലഭിച്ചത്. അടുത്ത രണ്ടുമൂന്ന് ആഴ്ചയ്ക്കുള്ളിൽ തത്തുല്യമായ സംസ്ഥാനവിഹിതവും നൽകും. ഓരോ ഘട്ടത്തിലും കൃത്യമായ പരിശോധന നടത്തിയാൽ അത് കാണാൻ സാധിക്കും. 2024-25-ൽ കേന്ദ്രവിഹിതം 292 കോടി ലഭിച്ചപ്പോൾ സംസ്ഥാനവിഹിതമായ 285 കോടി രൂപയും ചേർത്ത് 577 കോടി രൂപ നൽകിക്കഴിഞ്ഞു. ഇതിനുശേഷം വന്ന തുകയുടെ കാര്യമാണ് മുമ്പ് സംസാരിച്ചത്. കേന്ദ്രവിഹിതം ലഭിക്കുന്നതിനനുസരിച്ചുള്ള സംസ്ഥാനവിഹിതം നൽകുന്നതിൽ സംസ്ഥാന സർക്കാർ ഒരിക്കലും മുടക്കം വരുത്തിയിട്ടില്ല. കേന്ദ്രസർക്കാർ ഇപ്പോൾ അനുവദിച്ചിട്ടുള്ള ഒരു സ്കീമിന്റെ ഭാഗമായി 15000 കോടി രൂപ എല്ലാ സംസ്ഥാനങ്ങൾക്കും നൽകുന്ന ഒരു സ്ഥിതിവിശേഷം വിവിധ കേന്ദ്രാവിഷ്കൃത സ്കീമുകളുമായി ബന്ധപ്പെട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. അതിന്റെ പ്രയോരിറ്റി ലഭിക്കുന്നതിനാവശ്യമായ നീക്കങ്ങളും സംസ്ഥാന സർക്കാർ ഇതിനോടകം ആരംഭിച്ചിട്ടുണ്ട്. അതിനാൽ അങ്ങനെയൊരു ആശങ്കയുടെ ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. നമ്മൾ ഈ പദ്ധതി നടപ്പിലാക്കാൻ ശ്രമിക്കണം. കരാറുകാർക്ക് തുക നൽകുന്ന കാര്യത്തിൽ ഒരു തടസ്സവുമുണ്ടാകുമെന്ന ധാരണ വേണ്ട, അത്തരത്തിൽ സംസ്ഥാനത്തിന് ഒരു

ധാരണ പകരുന്നത് ശരിയല്ല. സമയബന്ധിതമായി പണി പൂർത്തിയാക്കി ജൽ ജീവൻ മിഷൻ പദ്ധതിയിലൂടെ എല്ലാ കുടുംബങ്ങളിലും വെള്ളമെത്തിക്കാൻ കഴിയുന്ന സാഹചര്യം രൂപപ്പെടുത്താനാണ് ശ്രമിക്കുന്നത്.

ശ്രീ. ചാണ്ടി ഉമ്മൻ: സർ, മുന്നൊരുക്കമില്ലാതെ 'ജൽ ജീവൻ മിഷൻ' പദ്ധതി നടപ്പാക്കുന്നതുകാരണം റോഡുകളിൽ വാഹനയാത്രികരുടെ ജീവനെടുക്കുന്ന നിരവധി സംഭവങ്ങൾ ഉണ്ടാകുന്നുണ്ട്. പദ്ധതി പ്രഖ്യാപിച്ചയുടൻ റോഡ് ഏറ്റെടുക്കുന്നു, പക്ഷെ അത് വിട്ടുകൊടുക്കുന്നില്ല, അനന്തമായി നീളുകയാണ്. അതുകൊണ്ട് നടത്തേണ്ട അറ്റകുറ്റപ്പണികൾ, സംസ്ഥാന ബജറ്റിൽ അവതരിപ്പിക്കുന്ന ബി.എം.ബി.സി. വർക്കുകൾ എന്നിവ പോലും നടപ്പാക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. അത് അനന്തമായി നീളുന്നതിനെ തടയാൻ അങ്ങേയ്ക്ക് എന്താണ് ചെയ്യാൻ സാധിക്കുന്നത്?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, അത് രണ്ടുമൂന്ന് തലങ്ങളിൽ വരും. ഒന്നാമതായി, നമ്മുടെ റോഡുകളുടെ സ്റ്റാറ്റസ് അനുസരിച്ച് വരും. എൻ.എച്ച്.-ന്റെ റോഡുകളുണ്ട്, പി.ഡബ്ല്യൂ.ഡി. റോഡുകളുണ്ട്, ഗ്രാമീണ റോഡുകളുണ്ട്. ഈ റോഡുകളുടെ പെർമിഷൻ ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് ജൽ ജീവൻ

മിഷൻ പദ്ധതിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത്. എന്നാൽ ആരംഭിക്കുന്ന സന്ദർഭങ്ങളിൽ ചില തടസ്സങ്ങളുണ്ടാകും, അങ്ങനെയുള്ള തടസ്സങ്ങൾ പരാമവധി ഒഴിവാക്കുന്നതിനായി വിവിധ വകുപ്പുകളുമായി കൂടിയാലോചനകൾ നടത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി ശ്രീ. പി. എ. മുഹമ്മദ് റിയാസുമായി പലതവണ യോഗം ചേർന്നിട്ടുണ്ട്. സംസ്ഥാനത്താകെ പൊളിക്കുന്ന റോഡുകളുടെ എണ്ണം ചെറിയ തോതിലല്ല, അത്രയും കാര്യങ്ങൾ ചെയ്യുമ്പോൾ ഉണ്ടാകുന്ന സ്വാഭാവികമായ തടസ്സങ്ങൾ നീക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. കേരളത്തിൽ എൻ.എച്ച്., പി.ഡബ്ല്യൂ.ഡി. റോഡുകൾ 3200 കിലോമീറ്ററാണുള്ളത്. അതിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി കുഴിച്ചത് 1450 കി.മീ. ആണ്, അതിൽ 1250 കി.മീ. റീസ്റ്റോർ ചെയ്തുകഴിഞ്ഞു. പി.ഡബ്ല്യൂ.ഡി. റോഡുകളിൽ 200 കി.മീ. മാത്രമേ റീസ്റ്റോർ ചെയ്യാനുള്ളൂ. എന്നാൽ 101200 കി.മീ. പഞ്ചായത്ത് റോഡുള്ളതിൽ 37428 കി.മീ. ഇതിനോടകം കുഴിക്കുകയും അതിൽ 10000 കി.മീ. റീസ്റ്റോർ ചെയ്യുകയും ചെയ്തു. ഇനി 27000 കി.മീ. റെസ്റ്റോറേഷൻ ചെയ്യാനുണ്ട്, ബാക്കി റോഡുകൾ കുഴിച്ചുവരുന്നതേയുള്ളൂ. പ്ലാന്റിന്റെയും

അനുബന്ധ പ്രവർത്തനങ്ങളുടെയും അടിസ്ഥാനത്തിൽ ഗ്രാമീണ റോഡുകൾ പൊളിച്ചാൽ മതിയെന്ന് തീരുമാനിച്ചത് അവിടെ കൂടുതൽ ബുദ്ധിമുട്ടുകൾ ഉണ്ടാകാതിരിക്കുന്നതിനുവേണ്ടിയാണ്. എന്നാൽ ചില സ്ഥലങ്ങളിൽ റോഡുകൾ പൊളിച്ചതിനുശേഷം സ്വാഭാവികമായ റെസ്റ്റോറേഷൻ ചെയ്യാൻ സാധിക്കാതെ വന്നതിന്റെ ബുദ്ധിമുട്ടുകൾ പലപ്പോഴും എം.എൽ.എ.-മാർ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ട് ഇത്തരം കാര്യങ്ങളിൽ താൽക്കാലികമായി വളരെവേഗം റീസ്റ്റോർ ചെയ്യാനുള്ള നടപടികൾ ഇതിനോടകം സ്വീകരിച്ചുവരുന്നുമുണ്ട്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി 12-06-2024-ന് നിയമസഭയിൽ നൽകിയ ഉത്തരത്തിൽ വാട്ടർ അതോറിറ്റി സൗജന്യ കുടിവെള്ള കണക്ഷൻ നൽകുന്നില്ലെന്നാണ് പറഞ്ഞത്. എന്നാൽ അതിനുശേഷം 10-07-2024-ന് നൽകിയ മറ്റൊരു മറുപടിയിൽ 2023-ൽ 603801 ഉപഭോക്താക്കൾക്കും 2024-ൽ 869500 ഉപഭോക്താക്കൾക്കും ബി.പി.എൽ. ആനുകൂല്യം കൊടുക്കുന്നുണ്ടെന്ന് പറഞ്ഞു. ഒരേ ഡിപ്പാർട്ട്മെന്റിലാണ് രണ്ട് സമീപനം വന്നത്. യഥാർത്ഥത്തിൽ എന്റെ

ചോദ്യമിതല്ല, ഒരു തെറ്റ് ചൂണ്ടിക്കാണിച്ചതാണ്. ഇവിടെ പ്രധാനപ്പെട്ട കുറേ വർക്കുകൾ നടന്നുവരികയാണ്. എന്റെ നിയോജകമണ്ഡലത്തിലെ നാട്ടകം കുടിവെള്ള പദ്ധതിയിലൂടെ പത്തുലക്ഷം പേർക്കാണ് വെള്ളം നൽകേണ്ടത്. ഓവർ ഹെഡ് ടാങ്ക്, പൈപ്പ് ലെയിംഗ് ജോലികളെല്ലാം പൂർത്തിയായി. മണിപ്പുഴ മുതൽ മറിയപ്പള്ളിവരെയും കളക്ടറേറ്റ് മുതൽ കഞ്ഞിക്കുഴി വരെയുമുള്ള നാല് കിലോമീറ്ററിൽ താഴെയുള്ള ഭാഗത്തെ പ്രവൃത്തികൾ ചെയ്യുന്നതിനുവേണ്ടി കഴിഞ്ഞ 2 വർഷക്കാലമായി കാത്തിരിക്കുകയാണ്. പല ചർച്ചകളും നടന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം, ഒന്നേകാൽ മിനിറ്റായി.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങേയ്ക്ക് പോയിന്റ് കൺവിൻസ്ഡാണെങ്കിൽ ഞാൻ നിർത്താം. പക്ഷേ അതിന്റെ ഉത്തരം അദ്ദേഹത്തിന് പറയണമെങ്കിൽ ഞാൻ ഇതുപറയാതെ കഴിയില്ല.

മി. സ്പീക്കർ: അങ്ങയെപ്പോലെ സീനിയറായ ഒരാൾ ചോദ്യം ചുരുക്കി ചോദിക്കാൻകൂടി പഠിക്കണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, എല്ലാ പണികളും ഏർപ്പാടുകളും പൂർത്തിയാക്കിയിട്ടും ആളുകൾക്ക് വെള്ളം കൊടുക്കാതിരിക്കുന്നതിന്

എന്തെങ്കിലും നടപടി സ്വീകരിക്കുമോ; കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ കർക്കശമായ നടപടി സ്വീകരിക്കുമോ; അത് ഈ സഭയിൽ പ്രഖ്യാപിക്കുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, തെറ്റ് തിരുത്തുക എന്നതാണല്ലോ ആദ്യത്തെ ആവശ്യം. ജൽ ജീവൻ മിഷൻ പദ്ധതിപ്രകാരം ബി.പി.എൽ. ഉപഭോക്താക്കൾക്ക് സൗജന്യമായി കുടിവെള്ളം കൊടുക്കുന്നതിനെ സംബന്ധിച്ചാണ് ഇവിടെ സൂചിപ്പിച്ചത്. അതിൽ പ്രതിവർഷവും മാറ്റമുണ്ടാകുന്നത് സ്വഭാവികമാണ്. ജൽ ജീവൻ മിഷൻ പദ്ധതിപ്രകാരം നിലവിൽ 4,64,629 ബി.പി.എൽ. കുടുംബങ്ങൾക്ക് വാട്ടർ കണക്ഷൻ നൽകിയിട്ടുണ്ട്. അത് അടുത്ത വർഷം വരുമ്പോൾ വർധനയുണ്ടാകും. സംസ്ഥാനത്തൊട്ടാകെ ഇതല്ല സ്ഥിതി, ജൽ ജീവൻ പദ്ധതിക്കുപുറമെ മറ്റ് പദ്ധതികളും കേരളത്തിലുണ്ട്. അമൃത് സ്കീമിലൂടെയും മറ്റ് സ്കീമുകളിലൂടെയും ആനുകൂല്യങ്ങൾ ലഭിക്കുന്ന ബി.പി.എൽ. കുടുംബങ്ങളുടെ എണ്ണം വീണ്ടും വർധിക്കും. ഇന്നത്തെ കണക്കല്ല നാളെ വരുന്നത്. ഇന്ന് പത്ത് കണക്ഷൻ അധികം കൊടുത്താൽ നാളത്തെ കണക്കിൽ അതുകൂടി ചേർത്താണ് പറയുന്നത്. അതൊരു തെറ്റല്ല, അതുകൊണ്ടുതന്നെ തെറ്റ് തിരുത്തേണ്ടതില്ല.

നിയമസഭയിൽ ഒരു തെറ്റിദ്ധാരണ ഉണ്ടാകാതിരിക്കാനാണ് ഇക്കാര്യം ഞാനിവിടെ സൂചിപ്പിക്കുന്നത്.

രണ്ടാമത്തേത്, ബഹുമാനപ്പെട്ട അംഗത്തിന് അങ്ങേയറ്റം ബോധ്യമുള്ളതുപോലെ കോട്ടയത്തെ പദ്ധതിക്കുവേണ്ടി പല യോഗങ്ങളും ചേർന്നിട്ടുണ്ട്. 16-03-2024-ൽ കോട്ടയം കളക്ടറേറ്റിൽ ഞാനൊരു യോഗം വിളിച്ചുചേർത്തിരുന്നു. അതിന്റെയടിസ്ഥാനത്തിൽ എൻ.എച്ച്. 183-ൽ, കെ.കെ. റോഡിലും എം.സി. റോഡിലും റോഡ് കട്ട് ചെയ്യാതെ എച്ച്.ഡി.ഡി. രീതിയിലോ ഡക്ട് ഉപയോഗിച്ചോ പൈപ്പ്ലൈൻ സ്ഥാപിച്ച് പ്രവൃത്തികൾ പൂർത്തീകരിക്കാനുള്ള നടപടികളുമായി മുന്നോട്ടുപോകാനാണ് തീരുമാനിച്ചത്. അതിനായി NHAI (National Highways Authority of India)-യുടെയും MoRTH (Ministry of Road Transport and Highways)-ന്റെയും അനുമതിക്കായി 27-03-2024-ന് അപേക്ഷ നൽകിയിരുന്നു. 16-03-2024-ന് യോഗം ചേർന്നതിനുശേഷം 27-03-2024-ന് MoRTH-ന് അപേക്ഷ സമർപ്പിക്കുകയും ചെയ്തു. 3-10-2024-ൽ സംയുക്ത പരിശോധന പൂർത്തിയായി. NHAI, MoRTH എന്നിവയുടെ അനുമതി ലഭിച്ചാലുടൻ പ്രസ്തുത പ്രവർത്തനം

പൂർത്തിയാക്കാനുള്ള ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്. ഈയിടെ MoRTH-ന്റെ പ്രതിനിധികൾ കോട്ടയത്തുവന്ന് ചർച്ച ചെയ്ത് കാര്യങ്ങൾ നടത്തുന്നത് പത്രത്തിലൂടെ അറിയുകയുണ്ടായി. 16-03-2024-ൽ യോഗം ചേരുകയും 27-03-2024-ൽത്തന്നെ ഈ വിഷയം MoRTH-ൽ അറിയിക്കുകയും ചെയ്തു. അവർ സംയുക്ത പരിശോധന നടത്തിയതായി സർക്കാരിനെ അറിയിച്ചു. അവരുടെ അനുമതി ലഭിക്കാതെ ജോലി ചെയ്യാൻ സാധിക്കില്ല.

മി. സ്പീക്കർ: പ്ലീസ്........ ഇതൊരു ഡിബേറ്റല്ല, പ്ലീസ് കൺക്ലൂഡ്. മിനിസ്റ്റർ...

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഇത് വളരെ തെറ്റായ ഒരു സമീപനമാണെന്ന് അങ്ങയെ ഓർമ്മിപ്പിക്കുകയാണ്.

ശ്രീ. റോഷി അഗസ്റ്റിൻ: ഏതാണ് തെറ്റായ സമീപനം?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ......(മൈക്ക് ഓഫ്)........

മി. സ്പീക്കർ: അങ്ങയെപ്പോലെ സീനിയറായ ഒരംഗം ഇങ്ങനെ ചെയ്യാൻ പാടില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങേയ്ക്ക് വിരോധമുണ്ടെങ്കിൽ ഞാൻ ചോദിക്കില്ല. അവിടെയാണ് എന്റെ സീനിയോരിറ്റി ഞാൻ കാണിക്കുന്നത്.

മി. സ്പീക്കർ: അങ്ങ് എന്നോട് തർക്കിക്കാതെ ചോദ്യം ചോദിക്കൂ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അവിടെ മുൻ ചീഫ് സെക്രട്ടറി ശ്രീ. കെ. എം. എബ്രഹാം അടക്കം ബന്ധപ്പെട്ട ഉദ്യോഗസ്ഥരെല്ലാമുണ്ടായിരുന്നു. MoRTH-ലെ ഒരു ഉദ്യോഗസ്ഥൻ ഇവിടെ ഒരു ചർച്ചയ്ക്കുപോലും വരില്ല. ബഹുമാനപ്പെട്ട മന്ത്രി വിളിച്ച യോഗത്തിലും അദ്ദേഹം വന്നിട്ടില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഈ രൂപത്തിൽ കയറഴിച്ചുവിട്ട കാളയെപ്പോലെ ഉദ്യോഗസ്ഥരെ വിടുന്നത് ശരിയാണോ; അതിനെതിരെ കർക്കശമായ നടപടിയെടുക്കുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: അങ്ങനെ ഒരിക്കലും കയറഴിച്ചുവിട്ട കാളയെപ്പോലെ ഉദ്യോഗസ്ഥരെ വിടില്ല. ആ കയർ പിടിച്ചിരിക്കുന്നത് ഞാനാണ്. ആ കാള ന്യായമില്ലാതെ ഓടിപ്പോകില്ല. പറയുന്നിടത്ത് വരുന്ന കാളയെ മാത്രമേ ഞാൻ കൊണ്ടുനടക്കുകയുള്ളൂ. അതുകൊണ്ട് അതിനെക്കുറിച്ച്

ആശങ്ക വേണ്ട. വകുപ്പുദ്യോഗസ്ഥരെ സംബന്ധിച്ചിടത്തോളം കേന്ദ്ര സർക്കാരിൽനിന്നും വിവിധ കേന്ദ്ര ഏജൻസികളിൽനിന്നും കിട്ടേണ്ടതുമായ ആനുകൂല്യങ്ങൾ അങ്ങ് മന്ത്രിയായിരുന്ന കാലത്തും ലഭിക്കാതിരുന്നിട്ടുണ്ട്. കേന്ദ്ര നിയമപ്രകാരം കിട്ടേണ്ടിയിരുന്ന പല ആനുകൂല്യങ്ങളും സമയബന്ധിതമായി ലഭിക്കാത്തതുകൊണ്ട് അക്കാലത്തും തടസ്സങ്ങളുണ്ടായിട്ടുണ്ട്. അത് അംഗീകരിക്കണം. ഇത്തരം വിഷയം തീർപ്പാക്കാനായി പരമാവധി ശ്രമിക്കുന്ന ആളാണ് ഞാൻ. സംയുക്ത പരിശോധനാ റിപ്പോർട്ട് വന്നാൽ അതിന്റെ പ്രയോരിറ്റി അടിസ്ഥാനത്തിൽ ടൈം ബാറായി നാട്ടകം കുടിവെള്ള പദ്ധതിക്കാവശ്യമായ മുഴുവൻ നടപടിയും സംസ്ഥാന സർക്കാർ പൂർത്തിയാക്കും.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, മഴക്കാലത്തുപോലും രൂക്ഷമായ കുടിവെള്ള ക്ഷാമമുള്ള ഒരു പ്രദേശമാണ് പെരുമ്പാവൂർ. കഴിഞ്ഞ ഒരു വർഷത്തിനിടയിൽ വെങ്ങോല പഞ്ചായത്തിലേക്ക് പോകുന്ന മെയിൻ പൈപ്പ് 80 തവണയാണ് പൊട്ടിയത്. ഒരു പൈപ്പ് ഒരു തവണ പൊട്ടിയാൽ രണ്ടര ദിവസം കൊണ്ടാണ് ശരിയാക്കുന്നത്. ഏഴ് മുതൽ എട്ട് കിലോമീറ്റർ വരെ ജൽ

ജീവൻ മിഷന്റെ പുതിയ പൈപ്പ് ഇടുകയെന്നതാണ് അവിടുത്തെ പ്രധാന പ്രശ്നം. അതിന് ആറ് കോടി രൂപ അനുവദിച്ചു. എന്നാൽ പൊതുമരാമത്ത് വകുപ്പ് (റോഡ്സ്) ഒരു വർഷം മുൻപ് ഒൻപത് കോടി രൂപ മുടക്കി ബി.എം.&ബി.സി. ചെയ്ത റോഡാണത്. അത് കട്ട് ചെയ്ത് മാറ്റണമെങ്കിൽ ഒന്നരക്കോടി രൂപ വേണം. നിലവിലുള്ള കരാറുകാർ ആ വർക്ക് ഏറ്റെടുക്കില്ല. റീ-ടെൻഡർ ചെയ്താൽ ഡി.എൽ.സി. പുതിയ കരാറുകാരിലേക്ക് മാറും. അപ്പോൾ ഒൻപത് കോടി രൂപയുടെ ഡി.എൽ.സി. ഒന്നരക്കോടി കരാറുകാരിലേക്ക് മാറുമെന്ന പൊതുമരാമത്ത് വകുപ്പിന്റെ വിചിത്രമായ ഒരു ഉത്തരവുമൂലം ആ വർക്ക് ചെയ്യാൻ കഴിയുന്നില്ല. ഒരു വർഷമായി നിരന്തരമായി ഈ പ്രശ്നമുണ്ട്. രണ്ടു വകുപ്പുകളെ ഏകോപിപ്പിച്ച് ഡി.എൽ.സി.-യുമായി ബന്ധപ്പെട്ട് ഒരു തീരുമാനമെടുത്താൽ മാത്രമേ ഇക്കാര്യത്തിൽ മുന്നോട്ടുപോകാൻ സാധിക്കൂ. പെരുമ്പാവൂർ വെങ്ങോല പഞ്ചായത്തിലെ അതിരൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുമോ; അതിന് ഉടനടി നടപടി സ്വീകരിക്കുമോ?

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, അക്കാര്യം പരിശോധിക്കാം. ഡി.എൽ.പി. (Defects Liability Period)-യുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ള

പ്രശ്നങ്ങളിൽ കുറച്ച് മാറ്റംവരുത്തി വിഷയം പരിഹരിക്കാൻ കഴിയുമോയെന്ന് പൊതുമരാമത്ത് വകുപ്പുമന്ത്രിയുമായി ആലോചിച്ച് നടപടിയെടുക്കുന്നതാണ്.

ശ്രീ. ടി. ജെ. വിനോദ്: സർ, ഇന്ന് രാവിലെ കൊച്ചിയിൽനിന്നുള്ള ആളുകൾ ഫോൺവഴി കുടിവെള്ളക്ഷാമവുമായി ബന്ധപ്പെട്ട പ്രശ്നം അറിയിച്ചിരുന്നു. എറണാകുളം പട്ടണത്തിലും പരിസരപ്രദേശങ്ങളിലും അതിരൂക്ഷമായ കുടിവെള്ള ക്ഷാമമാണ് നേരിടുന്നത്. നഗരത്തിലേക്ക് കുടിവെള്ളം വിതരണം ചെയ്യുന്നതിൽ പ്രതിദിനം 45 mld-യുടെ കുറവാണ് ഉണ്ടായിരിക്കുന്നത്. പുതിയ എ.ഡി.ബി. പദ്ധതിയുമായി ബന്ധപ്പെട്ട കാര്യങ്ങളെ സംബന്ധിച്ച് ചർച്ച നടക്കുന്നതായി പത്രങ്ങളിൽ വാർത്ത വരുന്നുണ്ട്. കൊച്ചിയിലെ എ.ഡി.ബി. പദ്ധതിയുമായി ബന്ധപ്പെട്ട് എന്ത് നടപടിയാണ് സ്വീകരിക്കുന്നത്; പുതിയ 190 mld പ്ലാന്റ് എ.ഡി.ബി. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഉൾപ്പെടുത്താൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, വളരെ പ്രധാനപ്പെട്ട ഒരു ചോദ്യമാണിത്. ശ്രീ. ടി. ജെ. വിനോദ് ഇക്കാര്യത്തിൽ നിരന്തരം ബന്ധപ്പെടുന്ന ഒരു

അംഗവുമാണ്. എറണാകുളത്തെയും കൊച്ചിയിലെയും കാര്യങ്ങൾ സഭ പ്രത്യേകമായി പരിഗണിക്കേണ്ടതുമാണ്. ഭാവിയിൽ ഏറ്റവും കൂടുതൽ ദോഷവും രൂക്ഷവുമായ വിഷയങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ള ഒരു പ്രദേശമാണിത്. ഇന്ന് ആലുവ പ്ലാന്റിൽനിന്ന് ഏകദേശം 290 mld-യും മരടിൽനിന്ന് 100 mld ജലവുമാണ് കൊടുക്കുന്നത്. എന്നാൽ, ഇതുകൊണ്ടൊന്നും കൊച്ചിയിലെ കുടിവെള്ള പ്രശ്നം പരിഹരിക്കാൻ സാധിക്കില്ല. 190 mld-യുടെ ഒരു പ്ലാന്റ് സ്ഥാപിക്കുക എന്നതാണ് ഇത് പരിഹരിക്കാനുള്ള മാർഗ്ഗം. എ.ഡി.ബി. പദ്ധതിയുമായി ബന്ധപ്പെട്ട ചർച്ചകൾ നടക്കുന്നുണ്ടെങ്കിലും പല ആശങ്കകളും വാർത്തകളും ഉയർന്നുവരുന്നുണ്ട്. ഇക്കാര്യം കൂട്ടായി ആലോചിക്കാമെന്ന് ഞാൻ പല സന്ദർഭത്തിലും പറഞ്ഞിട്ടുണ്ട്. ഒരു നിർബന്ധവും ആ കാര്യത്തിൽ ഗവൺമെന്റിന്റെ പക്കലില്ല. ഇപ്പോൾ നിലവിൽ വന്നിരിക്കുന്ന സ്കീം അനുസരിച്ചും അതിന്റെ ഭാഗമായും 190 mld പ്ലാന്റ് സ്ഥാപിച്ചില്ലെങ്കിൽ കൊച്ചിയിലെ കുടിവെള്ള ക്ഷാമം സംബന്ധിച്ച് വലിയ ബുദ്ധിമുട്ട് നേരിടേണ്ടിവരുമെന്ന് മനസ്സിലാക്കുന്നതിനാൽ അതുകൂടി ഉൾപ്പെടുത്താൻ ശ്രമിക്കുന്നുണ്ട്. 190 mld പ്ലാന്റ് സ്ഥാപിക്കുക മാത്രമാണ് കൊച്ചിയിലെ

കുടിവെള്ളക്ഷാമത്തിന് ആകെയുള്ള പരിഹാരമാർഗ്ഗം. എ.ഡി.ബി.-യുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ വാട്ടർ അതോറിറ്റി ജീവനക്കാർക്കോ മറ്റുള്ളവർക്കോ യാതൊരു ബുദ്ധിമുട്ടും ഉണ്ടാകുന്നില്ല. ജലം സംരക്ഷിക്കാൻ കഴിഞ്ഞാൽത്തന്നെ അതൊരു സേവിംഗ്സാണ്. അതിനോടൊപ്പം, 190 mld പ്ലാന്റ് കൂടി അതിന്റെ ഭാഗമായി അംഗീകരിപ്പിക്കാൻ കഴിയുമോ എന്നാണ് ഗൗരവപൂർവ്വം കാണുന്നത്. അതുകൂടി ഉൾപ്പെടുത്തി കൊണ്ടുവരാൻ കഴിയുന്നതിന്റെ സാധ്യതയ്ക്കാണ് ശ്രമിക്കുന്നത്. ഇത്തരം കാര്യങ്ങളിൽ എവിടെയെങ്കിലും ആശങ്കയുണ്ടെങ്കിൽ പരിശോധിക്കാനും ചർച്ച ചെയ്യാനും സർക്കാർ തയ്യാറാണ്. അത് ആവശ്യമാണെന്ന നിലയിൽത്തന്നെയാണ് സർക്കാർ മുന്നോട്ടുപോകുന്നത്.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, 2024-ഓടുകൂടി കേരളത്തിലെ ഗ്രാമീണ മേഖലയിൽ എല്ലാ വീടുകളിലും കുടിവെള്ളം എത്തിക്കുന്നതാണ് ജൽ ജീവൻ മിഷൻ പദ്ധതി. പ്രസ്തുത പദ്ധതി വേണ്ടത്ര വേഗത്തിൽ നടക്കാത്തതിന് പല കാരണങ്ങളുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം വീടുകളിൽ വെള്ളമെത്തിക്കുന്നതിന് ആവശ്യമായ വാട്ടർ സോഴ്സ് കേരളത്തിൽ കണ്ടുപിടിച്ചിട്ടുണ്ടോ; ശാസ്ത്രീയമായ പഠനം നടത്തിയിട്ടുണ്ടോ; കാസർഗോഡ് ജില്ലയിൽ ഞങ്ങൾ നടത്തിയ

അവലോകനത്തിൽ അവിടെ ആവശ്യമായ വെള്ളം ലഭിക്കുന്നില്ലെന്ന് മനസ്സിലാക്കിയിട്ടുണ്ട്. മഴക്കാലത്ത് പുഴകളിലൂടെ ഒഴുകിപ്പോകുന്ന വെള്ളം തടഞ്ഞുനിർത്തുകയും വേനൽക്കാലത്ത് അവ വിതരണം ചെയ്യുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, കാസർഗോഡ് ജില്ലയെ സംബന്ധിച്ചിടത്തോളം ഇത് വളരെ പ്രാധാന്യമർഹിക്കുന്ന ഒരു വിഷയമാണ്. അവിടെ നിലവിൽ ജലസ്രോതസ്സുകളുടെ കുറവുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ജെ.ജെ.എം. പ്രവൃത്തികൾ നടക്കുന്നതിനൊപ്പം അതിനാവശ്യമായ ക്രമീകരണങ്ങൾ അവിടെ രൂപപ്പെടുത്തേണ്ടതുണ്ട്. കൂടാതെ ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയുമായി ആലോചിച്ച് കെ.എസ്.ഇ.ബി., ഇറിഗേഷൻ എന്നീ വകുപ്പുകളുമായി സംയുക്ത പരിശോധന നടത്തി ഫ്ലഡ് കൺട്രോൾ ഡാമുകൾ രൂപപ്പെടുത്താൻ സാധിക്കുമോയെന്നുള്ള പരിശോധനയുടെകൂടി പശ്ചാത്തലത്തിൽ അവിടുത്തെ വിഷയം കുറേക്കൂടി ഗൗരവമായി കണ്ട് ജൽ ജീവൻ മിഷൻ പദ്ധതി പൂർത്തീകരിക്കുമ്പോൾ,

ആവശ്യമായ വെള്ളത്തിന്റെ സോഴ്സ് കൂടി ഉയർത്തിക്കൊണ്ടുവരാനാവശ്യമായ നടപടി ഇതിനോടകം സ്വീകരിച്ച് മുന്നോട്ടുപോകുന്നുണ്ട്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ജൽ ജീവൻ മിഷൻ പോലെ മറ്റൊരു പദ്ധതിയാണ് അമൃത് പദ്ധതി. ഇത് നഗരസഭകളെ ഉദ്ദേശിച്ചാണെന്ന് മനസ്സിലാക്കുന്നു. ഇത് കേന്ദ്രാവിഷ്കൃത പദ്ധതിയാണോ; കേന്ദ്രത്തിന്റെ വിഹിതം എത്രയാണ്; സംസ്ഥാനത്തിന്റെ വിഹിതം എത്രയാണ്; പ്രസ്തുത പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, അമൃത് പദ്ധതിയിൽ മുൻകാലങ്ങളിൽനിന്ന് വ്യത്യസ്തമായി ഇത്തവണ കുറെയേറെ മുനിസിപ്പാലിറ്റികളെ ഉൾപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ അർബൻ മേഖലകളിലെ വിഹിതത്തിൽ കുറവ് വന്നിട്ടുണ്ട്. അത് പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കാൻ വീണ്ടും തുക ആവശ്യപ്പെട്ടുന്നുണ്ട്. മുനിസിപ്പാലിറ്റി/കോർപ്പറേഷൻ ഉൾപ്പെടെയുള്ള അർബർ മേഖലയിലുംകൂടി കുടിവെള്ള വിതരണം പൂർണമാക്കാനുള്ള നടപടികളുമായിട്ടാണ് മുന്നോട്ടുപോകുന്നത്.

ശ്രീ. പി. എസ്. സുപാൽ: സർ, കല്ലടയാറിന്റെ തീരത്തുള്ള പട്ടണമാണ് പുനലൂർ. നിലവിലുള്ള പദ്ധതി വളരെ കാലപ്പഴക്കംചെന്നതാണ്. ഉയർന്ന പ്രദേശങ്ങളിൽ വെള്ളം കൊടുക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. അവിടെ ഒരു പുതിയ പദ്ധതി അനിവാര്യമാണ്. ആ പദ്ധതിയെയും അതിന്റെ അനിവാര്യതയെ സംബന്ധിച്ചും അങ്ങേക്കറിയാം. വളരെ ഗൗരവമായി ഈ ആവശ്യം പരിഗണിച്ചുകൊണ്ട് പുനലൂരിന് ഒരു പുതിയ കുടിവെള്ള പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ബഹുമാനപ്പെട്ട അംഗം നിരന്തരമായി പറയുന്ന ഒരു ആവശ്യമാണിത്. പുനലൂർ കുടിവെള്ള പദ്ധതി അമൃത് പദ്ധതിയിൻകീഴിലാണ് വരുന്നത്. മലയോരമേഖല ആയതുകൊണ്ടുതന്നെ പ്രസ്തുത വിഷയത്തിൽ മുൻഗണന നൽകുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കുന്നുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ സാധിക്കുന്ന സാഹചര്യത്തിൽ തീർച്ചയായും അത് പരിഗണിക്കുന്നതാണ്.

പ്രതിപക്ഷ ഉപനേതാവ് (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, വേനൽക്കാലത്ത് വറ്റിപ്പോകുന്ന കടലുണ്ടിപോലുള്ള നദികളിലെ നിലവിലുള്ള

ചെറിയ റെഗുലേറ്ററുകൾ, തടയണകൾ എന്നിവ അറ്റകുറ്റപ്പണികൾ ചെയ്യാനും പുതിയവ ഇൻവെസ്റ്റിഗേഷൻ നടത്താനും നിലവിലുള്ളത് മെയിന്റയിൻ ചെയ്യാനും കാലതാമസമെടുക്കാറുണ്ട്. വേനൽക്കാലം വരികയാണ്. ജലസ്രോതസ്സുകളിൽ വെള്ളമില്ലാത്തതുകൊണ്ട് വെള്ളം കൊടുക്കാൻ കഴിയാത്ത സ്ഥിതിയുണ്ടാകും. അതുകൊണ്ട് ഈ കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, പ്രസ്തുത വിഷയത്തിൽ പൊതുവായ ഒരു പരിശോധനയിലേക്ക് പോകേണ്ടതായിട്ടില്ല. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ, ഡിമാൻഡനുസരിച്ച് അക്കാര്യങ്ങളിൽ പ്രയോരിറ്റി അടിസ്ഥാനത്തിൽ ചെയ്യാനാവശ്യമായ നിർദ്ദേശം കൊടുക്കാം.

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: സർ, ജലവിതരണത്തിന്റെ ചുമതലയല്ലാതെ തനത് വരുമാനം വർദ്ധിപ്പിക്കാൻ കഴിയുന്ന നിലയിൽ ജലവിഭവ വകുപ്പിന് ഏതെങ്കിലും നൂതനമായിട്ടുള്ള പദ്ധതികൾ ആവിഷ്കരിച്ച് അതിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ?

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, വളരെ പ്രധാനപ്പെട്ടൊരു കാര്യമായാണ് സർക്കാരും വകുപ്പും ഇത് കാണുന്നത്. വാട്ടർ അതോറിറ്റിക്കായി ഇപ്പോൾ നിലവിലുള്ള പദ്ധതിപ്രകാരവും ലഭ്യമായ വരുമാനത്തിന്റെ അടിസ്ഥാനത്തിലും മുന്നോട്ടുപോകുന്നതിന് പ്രായോഗികമായി പല ബുദ്ധിമുട്ടുകളും നേരിടുന്നുണ്ട്. വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൂടി വാട്ടർ അതോറിറ്റി സ്വീകരിക്കണം. അതിന്റെ ഭാഗമായി ചില കാര്യങ്ങൾ ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. ടൂറിസം സാധ്യതകളെ പൂർണ്ണമായി പ്രയോജനപ്പെടുത്താൻ കഴിയുമോ എന്നാണ് പരിശോധിക്കുന്നത്. ജല അതോറിറ്റിയുടെ ശുദ്ധീകരണശാലകളും ജലസംഭരണികളും സ്ഥിതി ചെയ്യുന്ന പ്രകൃതിസുന്ദരമായ സ്ഥലങ്ങളിൽ ഓരോ പ്രദേശത്തിന്റെയും സാധ്യത കണക്കിലെടുത്ത് മതിയായ അടിസ്ഥാന സൗകര്യമൊരുക്കി കണ്ടറിയാവുന്നതും അനുഭവേദ്യമായി ഉറപ്പുവരുത്തുന്നതും പ്രാദേശികവും ജനകീയവുമായ ടൂറിസം നടപ്പിൽവരുത്താനും അതിന്റെ ഭാഗമായി വ്യൂ ടവറുകളും നേച്ചർ ട്രെയിൽ ഷോർട്ട് സ്റ്റേ തുടങ്ങിയവ ക്രമീകരിക്കാനുമുള്ള നടപടി സാധ്യമാണോയെന്ന് പരിശോധിക്കുന്നതാണ്. വാട്ടർ അതോറിറ്റിയുടെ അതിഥി മന്ദിരങ്ങൾ, വാണിജ്യ സമുച്ചയങ്ങൾ എന്നിവ

പുതുക്കിപ്പണിയുകയും സാധ്യമായ സ്ഥലങ്ങളിൽ പുതിയ മന്ദിരങ്ങൾ നിർമ്മിക്കുകയും ചെയ്യുന്നതാണ്. പൊതുമരാമത്ത് വകുപ്പ് PWD റെസ്റ്റ് ഹൗസിന് ഓൺലൈൻ ബുക്കിംഗ് സംവിധാനം ഏർപ്പെടുത്തിയതുപോലെതന്നെ അവ പൊതുജനങ്ങൾക്ക് ലഭ്യമാക്കാനുള്ള പദ്ധതി സാധ്യമാകുമോയെന്ന് പരിശോധിക്കുന്നതാണ്. പൊതുസ്വകാര്യ പങ്കാളിത്തത്തോടെ വാണിജ്യ കേന്ദ്രങ്ങൾ, കൺവെൻഷൻ സെന്ററുകൾ എന്നിവ സ്ഥാപിച്ച് വാടകയ്ക്ക് നൽകി വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ കഴിയുമോയെന്ന് ആലോചിക്കുന്നതാണ്. അതുപോലെ പ്രധാനപ്പെട്ടതാണ് വാട്ടർ മ്യൂസിയം. കേരള വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള വെല്ലിംഗ്ടൺ വാട്ടർ വർക്ക്സ് 1933-ലാണ് ഉദ്ഘാടനം ചെയ്തത്. 90 വർഷം പഴക്കമുള്ള ഈ വാട്ടർ വർക്ക്സിന്റെ അനുബന്ധ ഘടകങ്ങൾ വാസ്തുവിദ്യ, സാങ്കേതികവിദ്യ എന്നിവയുടെ സവിശേഷമായ ഉദാഹരണത്തെ പ്രതിനിധീകരിക്കുന്നു. ഈ സൗകര്യങ്ങൾ സന്ദർശകർക്കായി തുറന്നുകൊടുത്ത് ഹെഡ് ഓഫീസും പരിസരവും ആകർഷണ കേന്ദ്രമാക്കി മാറ്റുന്ന രീതിയിലുള്ള ഒരു മ്യൂസിയം സജ്ജമാക്കുന്ന നടപടി

ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. അതുപോലെ വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ളതും ക്യാപ്റ്റൻ ലക്ഷ്മി പാർക്കിന്റെ സമീപമുള്ളതുമായ സ്ഥലത്ത് കേരള സ്റ്റാർട്ടപ്പ് മിഷന്റെ സഹായത്തോടെ മൂലധന നിക്ഷേപം നടത്തി പ്രായഭേദമില്ലാതെ എല്ലാവർക്കും സമയം ചെലവഴിക്കാവുന്ന തരത്തിൽ ലാഭവിഹിതം പങ്കിടുന്ന മാതൃകയിലൊരു infotainment park സ്ഥാപിക്കുന്നതിനുള്ള നടപടിയും തുടങ്ങിയിട്ടുണ്ട്. ഇത്തരം സൗകര്യങ്ങൾ വിനിയോഗിച്ച് ആവശ്യമായ പരിശീലനം നടത്താൻ കഴിയുന്ന സ്ഥിതി ഇപ്പോൾത്തന്നെ നിലവിലുണ്ട്. ഇന്റേൺഷിപ്പ് കഴിഞ്ഞുവരുന്ന കുട്ടികൾക്ക് അതോറിറ്റിയുടെ നിലവിലുള്ള പരിശീലന കേന്ദ്രത്തിൽ പ്ലംബിംഗ്, ജലശുദ്ധീകരണം തുടങ്ങിയ മേഖലകളിൽ സർട്ടിഫിക്കറ്റ് കോഴ്സുകൾ, ശേഷിവികസന പരിശീലനം തുടങ്ങിയവ നടപ്പിലാക്കി സിവിൽ എഞ്ചിനീയറിംഗ്, പരിസ്ഥിതി എഞ്ചിനീയറിംഗ്, വിദ്യാർത്ഥികളുടെ ഇന്റേൺഷിപ്പ്, ഫിനിഷിംഗ് സ്കൂൾ എന്നിവയിലൂടെ മെച്ചപ്പെട്ട തൊഴിലവസരങ്ങൾക്ക് സജ്ജമാക്കുകയും ചെയ്യുന്ന ടെസ്റ്റിംഗ് ലാബുകൾ സജ്ജീകരിക്കുകയും ചെയ്യുക തുടങ്ങിയ കാര്യങ്ങളും ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്.

നോൺ വാട്ടർ റവന്യൂ കൊണ്ടുവരുന്നതിനുവേണ്ടിയിട്ടുള്ള നടപടിയും സ്വീകരിച്ചുവരുന്നുണ്ട്. ടൂറിസത്തിന് വലിയ പ്രാധാന്യം നൽകുന്നതാണ്. നിലവിലുള്ള ഗസ്റ്റ് ഹൗസുകളെ കുറേക്കൂടി നല്ല രീതിയിൽ നവീകരിക്കുന്നതാണ്. ആ നിലയിൽ വരുമാന വർദ്ധനയ്ക്കുള്ള സാഹചര്യങ്ങൾ പ്രയോജനപ്പെടുത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്.

## ഭൂമിയുടെ അവകാശികൾ

2 (*62) ശ്രീ. കെ. യു. ജനീഷ് കുമാർ
ശ്രീമതി ശാന്തകുമാരി കെ.
ശ്രീ. മുരളി പെരുനെല്ലി
ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരെ ഭൂമിയുടെ അവകാശികളാക്കി മാറ്റുന്നതിന് ആവിഷ്കരിച്ച പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ എത്ര കുടുംബങ്ങൾക്ക് ഭൂമി വിതരണം ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) പട്ടികജാതി-പട്ടികവർഗ്ഗ-പിന്നാക്ക വിഭാഗങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും രാജ്യത്തെ പൊതുസ്ഥിതിയിൽ നിന്നും വ്യത്യസ്തമായി അവരെ പൊതുസമൂഹത്തിനൊപ്പം ചേർത്തു നിർത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): സർ,

(എ) പട്ടികജാതി വിഭാഗങ്ങളെ ഭൂമിയുടെ അവകാശികളാക്കി മാറ്റുന്നതിനായി ഓരോ കുടുംബത്തിനും വാസയോഗ്യമായ ഭവനം നിർമ്മിക്കുന്നതിനായി പട്ടികജാതി വികസന വകുപ്പ് മുഖേന ഭൂമി വാങ്ങുന്നതിന് ധനസഹായം അനുവദിക്കുന്നു. കൂടാതെ ലൈഫ് മിഷൻ പദ്ധതി പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും ഭൂമി അനുവദിക്കുന്നു. ലൈഫ് മിഷൻ മുഖേന "മനസ്സോടിത്തിരി മണ്ണ്" ക്യാമ്പയിന്റെ ഭാഗമായി ലഭിക്കുന്ന ഭൂമി ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വാസയോഗ്യവും കൃഷിയോഗ്യവുമായ ഭൂമി വിലക്ക് വാങ്ങി നൽകുന്ന ലാൻഡ് ബാങ്ക് പദ്ധതി,

നിക്ഷിപ്ത വനഭൂമി വിതരണം, വനാവകാശ നിയമം പ്രകാരമുള്ള ഭൂമി വിതരണം എന്നീ പദ്ധതികളിലൂടെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങളെ ഭൂമിയുടെ ഉടമസ്ഥരാക്കുന്നു. കൂടാതെ റവന്യൂ ഭൂമി വിതരണത്തിലൂടെയും ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കുന്നു. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്[+].

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന 2021-22 വർഷം മുതൽ നാളിതുവരെയായി പട്ടികജാതി വികസന വകുപ്പ് മുഖേന 11532 കുടുംബങ്ങൾക്ക് ഭൂമി അനുവദിച്ചു. ലൈഫ് മിഷൻ മുഖേന 11807 പേർക്ക് ഭൂമി അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്[+].

(സി) പട്ടികജാതി വിഭാഗങ്ങൾ സമൂഹത്തിൽ നേരിടുന്ന വെല്ലുവിളികളും ചൂഷണങ്ങളും ഫലപ്രദമായി തടയുന്നതിനും അതിലൂടെ മറ്റ് മുന്നാക്ക സമുദായങ്ങൾക്ക് സമൂഹം അനുവദിച്ചിട്ടുള്ള തുല്യ സ്വാതന്ത്ര്യവും അവകാശങ്ങളും ടി ജനവിഭാഗത്തിനും ഉറപ്പുവരുത്തുന്നതിനുമായി പട്ടികജാതി

---

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമം തടയൽ നിയമം 1989, പൗരാവകാശ സംരക്ഷണ നിയമം 1995 എന്നീ രണ്ട് കേന്ദ്ര നിയമങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. കൂടാതെ വകുപ്പിന്റെ വിവിധ ക്ഷേമപ്രവർത്തനങ്ങൾ, വിദ്യാഭ്യാസാനുകൂല്യങ്ങൾ എന്നിവ വിവിധ പദ്ധതികളിലൂടെ നടപ്പിലാക്കിവരുന്നു.

വിദ്യാഭ്യാസ രംഗത്ത് പ്രീപ്രൈമറി തലം മുതൽ ഉന്നതവിദ്യാഭ്യാസരംഗം വരെയും വിദേശ പഠനരംഗത്തും നൈപുണ്യവികസന മേഖലയിലും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. പഠനസൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതോടൊപ്പം അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗക്കാർക്ക് തൊഴിലും പ്രദാനം ചെയ്യുന്നു. സാമ്പത്തിക ഉന്നമന പരിപാടികളും തനിമ നിലനിർത്തുന്ന തരത്തിലുള്ള കാർഷിക വികസന പദ്ധതികളും ഉല്പന്നങ്ങളുടെയും കലകളുടെയും പ്രദർശന വിപണന മേളകളും പാരമ്പര്യ അറിവുകൾ സംരക്ഷിക്കുന്നതിനുമുള്ള പദ്ധതികളും നടപ്പിലാക്കിവരുന്നു. 1999-ലെ കെ.എസ്.റ്റി. ആക്ട് പ്രകാരം സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാരുടെ ഭൂമിയുടെ അവകാശം സംരക്ഷിക്കുന്നതിനായി ഭൂമി കൈമാറ്റം നിയന്ത്രിക്കാനും അന്യാധീനപ്പെട്ട ഭൂമി

പുനഃസ്ഥാപിച്ച് നൽകാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ വിഷയത്തിൽ റവന്യൂ വകുപ്പ് മുഖേന നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ വനാവകാശ നിയമ പ്രകാരവും അർഹതയുള്ളവർക്ക് വനഭൂമിയിന്മേലുള്ള അവകാശവും അംഗീകരിച്ച് നൽകുന്നു.

സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെ സാമൂഹിക-സാമ്പത്തിക-ആരോഗ്യ രംഗങ്ങളിൽ മുഖ്യധാരയിൽ എത്തിക്കുന്നതിന് വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു+.

സംസ്ഥാനത്തൊട്ടാകെയുള്ള പിന്നാക്ക വിഭാഗങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും അവരെ പൊതുസമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് ഉയർത്തുന്നതിനുമായി പിന്നാക്ക വിഭാഗ വികസന വകുപ്പ് വിവിധങ്ങളായ വിദ്യാഭ്യാസ വികസന ക്ഷേമ പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. ആയത് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

<u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>: സർ, അനേകം തലമുറകളായി വനത്തിൽ താമസിച്ചുപോകുന്ന പരമ്പരാഗത വനവാസികൾക്ക് വനാവകാശ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിയമപ്രകാരം ഭൂമിയുടെ അവകാശരേഖ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഗുണഭോക്താക്കൾക്ക് നൽകിയെന്നും ഏതെങ്കിലും ജില്ലയിൽ ഈ പദ്ധതി പൂർണ്ണമായി നടപ്പിലാക്കിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

ശ്രീ. ഒ. ആർ. കേളു: സർ, ഭൂമി ലഭ്യമായ ഗുണഭോക്താക്കളുടെ വിവരങ്ങൾ ഇവിടെ പറഞ്ഞതാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം 2021-22 വർഷം മുതൽ നാളിതുവരെ കൊടുത്തിട്ടുള്ള ഭൂമിയുടെ കണക്ക് ഇവിടെ സൂചിപ്പിച്ചുകഴിഞ്ഞതാണ്. പട്ടികജാതി വികസന വകുപ്പ് മുഖേന 11532 കുടുംബങ്ങൾക്കും ലൈഫ് മിഷൻ മുഖേന 11807 കുടുംബങ്ങൾക്കും ഭൂമി അനുവദിച്ചിട്ടുണ്ട്.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ഭൂരഹിത പുനരധിവാസ പദ്ധതിയിൽ ഭൂമി നൽകുന്നതിനോടൊപ്പം ഈ വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് മറ്റെന്തെല്ലാം അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനാണ് ഗവൺമെന്റ് ലക്ഷ്യം വച്ചിട്ടുള്ളത്?

<u>ശ്രീ. ഒ. ആർ. കേളു</u>: സർ, ഭൂമിക്ക് പുറമേ പാർപ്പിട പദ്ധതി, ഭവന പുനരുദ്ധാരണ പദ്ധതി, കുട്ടികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യ പദ്ധതികൾ, 'ഉന്നതി' മുഖേന വിദേശ പഠനത്തിനുള്ള സൗകര്യങ്ങൾ, വിദ്യാവാഹിനി പദ്ധതി, പ്രഭാത ഭക്ഷണ പരിപാടി, ഗോത്രജീവിക, മില്ലറ്റ് വില്ലേജ്, നമത് വെള്ളാമെ പദ്ധതി, വനാവകാശ നിയമം തുടങ്ങി ഒട്ടനവധി പദ്ധതികൾ ഈ വിഭാഗത്തിനായി നടപ്പാക്കിവരുന്നുണ്ട്.

<u>ശ്രീമതി ശാന്തകുമാരി കെ.</u>: സർ, തങ്ങളുടേതല്ലാത്ത കാരണത്താൽ ചരിത്രത്തിന്റെ പിന്നാംപുറങ്ങളിലേക്ക് കുടിയിരിപ്പും കിടപ്പാടവും നൽകാതെ ജന്മിത്തവും നാടുവാഴിത്തവും അകറ്റി നിർത്തിയ ജനവിഭാഗമാണ് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ. എന്നാൽ കേരളത്തിൽ കമ്മ്യൂണിസ്റ്റ് സർക്കാരുകൾ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി-പട്ടികവർഗ്ഗ ജനവിഭാഗങ്ങളെ ചരിത്രത്തിന്റെ ഭാഗമാക്കാനാണ് നാളിതുവരെ ശ്രദ്ധചെലുത്തിയിട്ടുള്ളത്. അതിൽ ഏറ്റവും ശ്രദ്ധേയമായ പ്രവർത്തനമാണ് തന്റെ ആത്മാഭിമാനം ഉയർത്തിപിടിക്കാൻ സ്വന്തമായി ഒരു തുണ്ട് ഭൂമി പ്രസ്തുത വിഭാഗത്തിന് നൽകുകയെന്നുള്ളത്. അങ്ങ് തന്നെ ഇവിടെ സൂചിപ്പിക്കുകയുണ്ടായി.

മി. സ്പീക്കർ: യെസ്സ്...... ചോദ്യത്തിലേക്ക് വരൂ....

ശ്രീമതി ശാന്തകുമാരി കെ.: സർ, ഇവിടെ 'ലാൻഡ് ബാങ്ക്' എന്ന പദ്ധതി നിലവിലുണ്ട്. ആ പദ്ധതിയുടെ ഭാഗമായി ഈ സർക്കാർ വന്നതിനുശേഷം എത്രപേർക്കാണ് ഭൂമി നൽകിയത്; അതുപോലെ ഇനിയും സ്വന്തമായി ഭൂമിയില്ലാത്ത പട്ടികജാതി-പട്ടികവർഗ്ഗ ജനവിഭാഗങ്ങൾക്ക് ഭൂമി നൽകുന്നതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വ്യക്തമാക്കാമോ?

ശ്രീ. ഒ. ആർ. കേളു: സർ, ഭൂമി കൊടുത്തതിനെ സംബന്ധിച്ച് നേരത്തെ സൂചിപ്പിച്ചിട്ടുണ്ടായിരുന്നു. 'ലാൻഡ് ബാങ്ക് ' പദ്ധതി നടപ്പാക്കിവരികയാണ്. കഴിഞ്ഞ മാസം വകുപ്പ് ജില്ലാ തലങ്ങളിൽ പദ്ധതിയുടെ അവലോകനം നടത്തുകയും അതുപ്രകാരം ജില്ലയിൽ ഭൂമി ഇതുവരെ ലഭ്യമല്ലാത്ത കുടുംബങ്ങളുടെ കണക്കെടുക്കുന്നതിനുവേണ്ടിയിട്ടുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞു. ഭൂരഹിത പുനരധിവാസ പദ്ധതിയിൽ ഭൂമി നൽകുന്നതിനോടൊപ്പം മറ്റ് ഏതൊക്കെ അടിസ്ഥാന സൗകര്യങ്ങളാണ് ഇവർക്കായി വേണ്ടതെന്നുള്ള കാര്യവും നമ്മൾ ഇതിനോടകംതന്നെ

ശേഖരിച്ചുവരികയാണ്. ഏകദേശം പട്ടികവർഗ്ഗ വിഭാഗക്കാർക്കായി 3937.62 ഏക്കർ ഭൂമി ലാൻഡ് ബാങ്കിലേയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്.

മി. സ്പീക്കർ: ശ്രീ. മുരളി പെരുനെല്ലി....ഒരു മിനിറ്റ്...

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, വനാവകാശ നിയമപ്രകാരം പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് കൊടുക്കാനുള്ള വിഷയങ്ങളിൽ കേന്ദ്ര സർക്കാർ ഫലപ്രദമായ നടപടിയല്ല സ്വീകരിക്കുന്നത്. പത്തനംതിട്ട ജില്ലയിലെ റാന്നിയിൽ മാത്രം 6500 കുടംബങ്ങൾക്ക് പട്ടയം നൽകാനുള്ള അപേക്ഷ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. നാലുതവണ കേന്ദ്രസർക്കാരിന്റെ പ്രതിനിധികളെ സന്ദർശിച്ചെങ്കിലും അത് ലഭിച്ചിട്ടില്ലെന്നുള്ള കാര്യംകൂടി സഭ അറിയേണ്ടതുണ്ട്. അതുകൊണ്ടാണ് ഇക്കാര്യം കൂട്ടിചേർക്കുന്നത്.

ശ്രീ. മുരളി പെരുനെല്ലി: സർ, സമൂഹത്തിന്റെ അടിത്തട്ടിൽ കിടക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരെ ഉന്നതിയിലേക്ക് കൊണ്ടുവരുന്നതിനുവേണ്ടി സംസ്ഥാന ബജറ്റിൽ ഏറ്റവും ഉയർന്ന സംഖ്യ ചെലവഴിക്കുന്ന ഒരേ ഒരു സംസ്ഥാനം കേരളമാണെന്നുള്ളത് മാതൃകപരമായ

കാര്യമാണ്. കഴിഞ്ഞ കാലങ്ങളിൽ പട്ടികവർഗ്ഗ വിഭാഗക്കാരുടെ രേഖകൾ ഇവിടെ സൂക്ഷിച്ചുവയ്ക്കാനാവശ്യമായ സൗകര്യങ്ങൾ ഇല്ലാതിരുന്ന സന്ദർഭത്തിൽ അത് നഷ്ടപ്പെടുകയും കേടുവന്നതുമായ ഭൂരേഖകളുൾപ്പെടെയുള്ള അടിസ്ഥാന രേഖകൾ തിരികെ ലഭിക്കുന്നതിനും സൂക്ഷിക്കുന്നതിനും അത് സുരക്ഷിതമായി സംരക്ഷിക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

<u>ശ്രീ. ഒ. ആർ. കേളു</u>: സർ, അതിനുവേണ്ടി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ആവശ്യമായ ഏറ്റവും അടിസ്ഥാന ആധികാരിക രേഖകളില്ലാത്തവർക്ക് വിവിധ സർക്കാർ അനുകൂല്യങ്ങൾ ലഭ്യമാക്കാത്ത സാഹചര്യം ഒഴിവാക്കുന്നതിനായി പ്രസ്തുതവിഭാഗക്കാരുടെ ജനന സർട്ടിഫിക്കറ്റ്, ആധാർ കാർഡ്, റേഷൻ കാർഡ്, ഇലക്ഷൻ തിരിച്ചറിയൽ കാർഡ്, ആരോഗ്യ ഇൻഷ്വറൻസ് കാർഡ്, ബാങ്ക് പാസ്സ്ബുക്ക്, വിദ്യാഭ്യാസ രേഖകൾ, പെൻഷൻ തുടങ്ങിയ രേഖകൾ വിവിധ വകുപ്പുകളിൽനിന്ന് ലഭ്യമാക്കാനും ആയവ ഡിജിറ്റലൈസ് ചെയ്ത് ഡിജിറ്റി ലോക്കറിൽ സൂക്ഷിക്കുന്നതിനായി Akshaya Big Campaign for Document

Digitalization (ABCD) പദ്ധതി സർക്കാർ നടപ്പിലാക്കുന്നു. തിരുവനന്തപുരം, പത്തനംതിട്ട, വയനാട് എന്നീ ജില്ലകളിൽ എബിസിഡി പദ്ധതി പൂർത്തീകരിച്ചു. തുടർന്ന് മറ്റ് ജില്ലകളിലും പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിനുവേണ്ടിയുള്ള നിർദേശങ്ങൾ കൊടുത്തിട്ടുണ്ട്.

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, പട്ടികവർഗ്ഗ വിഭാഗക്കാരെ സാമൂഹിക-സാമ്പത്തിക രംഗങ്ങളിൽ മുഖ്യധാരയിൽ എത്തിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; അതിനോടൊപ്പം ഈ സർക്കാരിന്റെ കാലത്ത് എം.ആർ.എസ്.കളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ കൂടുതൽ മെച്ചപ്പെട്ട നിലയിലേക്ക് ഉയർന്നുവരുന്നതായി കണ്ടിട്ടുണ്ട്. എം.ആർ.എസ്.കളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താൻ ഉദ്ദേശിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശ്രീ. ഒ. ആർ. കേളു: സർ, എം.ആർ.എസ്. കൂടുതൽ ശക്തിപ്പെടുത്തുന്നതിനുവേണ്ടിയിട്ടുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ ആറളം ഫാമിൽ പുതുതായി എം.ആർ.എസ്.ന് കെട്ടിടം

നിർമ്മിച്ചുകഴിഞ്ഞു. അതുപോലെ തിരുവനന്തപുരത്ത് തോന്നയ്ക്കലും, എറണാകുളം ജില്ലയിലും പുതുതായി എം.ആർ.എസ്.ന് കെട്ടിടങ്ങൾ നിർമ്മിച്ചുകഴിഞ്ഞിട്ടുണ്ട്. അങ്ങനെ പല ജില്ലകളിലും പുതിയ എം.ആർ.എസ്. കെട്ടിടങ്ങൾ പൂർത്തീകരിച്ച് സ്കൂളുകൾ ആരംഭിക്കാനുള്ള നടപടികളാണ് സ്വീകരിച്ചുവന്നിട്ടുള്ളത്. എം.ആർ.എസ്.കളിൽ പഠനം പൂർത്തീകരിച്ച് പുറത്തുവരുന്ന കുട്ടികൾക്ക് വിവിധ തൊഴിൽ നൈപുണ്യ പരിശീലനങ്ങളും വിദേശ രാജ്യങ്ങളിൽ പോകാനുള്ള തൊഴിൽ പരിശീലനങ്ങളുമൊക്കെ ഈ വകുപ്പ് നടത്തിവരുന്നുണ്ട്.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, എസ്.സി-എസ്.ടി വകുപ്പിന്റെ ഏറ്റവും പ്രധാനപ്പെട്ട പദ്ധതികളായിരുന്ന house to houseless, land to landless എന്നിവ. ലൈഫ് മിഷൻ പദ്ധതി വന്നതോടുകൂടി അവ പൂർണ്ണമായും അതിലേക്ക് മാറ്റി. ഇപ്പോൾ ചെറിയ ശതമാനം മാത്രമാണ് വകുപ്പിനുകീഴിലുള്ളത്. അതിനകത്ത് ഏറ്റവും വലിയ പ്രയാസം ജനറൽ കാറ്റഗറിക്ക് കൊടുക്കുന്നതിനേക്കാൾ 50,000 രൂപ കൂടുതൽ എസ്.സി വകുപ്പ് ഈ വിഭാഗം ആളുകൾക്ക് വീട് വയ്ക്കുന്നതിന് കൊടുത്തുകൊണ്ടിരുന്നു. പക്ഷെ,

ലൈഫ് മിഷൻ വന്നപ്പോൾ എല്ലാം തുല്യമാണ്. ആ വിഭാഗം വളരെ പ്രയാസം അനുഭവിക്കുകയാണ്. മത്സ്യത്തൊഴിലാളികളുടെ കാര്യത്തിലും ഇതേ സാഹചര്യം നിലനിൽക്കുകയാണ്. ഇവിടെ ലാൻഡിന്റെ കാര്യം സൂചിപ്പിച്ചിരുന്നു. ഏറ്റവും പ്രധാനപ്പെട്ട കാര്യം, 2014-ലാണ് ഭൂമി വാങ്ങുന്നതിന് ഏറ്റവും അവസാനമായി നമ്മൾ പണം വർധിപ്പിച്ചത്. അന്ന് 25,000 രൂപ എന്നത് 75,000 രൂപയാക്കി. അന്ന് 5 സെന്റ് ഭൂമി വാങ്ങാൻ 3,75,000 രൂപ അനുവദിച്ചിരുന്നു. മുനിസിപ്പാലിറ്റിയിൽ ആനുപാതികമായി വർധനവുണ്ടായി. പത്ത് വർഷം കഴിഞ്ഞിട്ടും ഈ ഗവൺമെന്റ് വന്നിട്ട് ഇതിലൊരു വർധനവ് ഉണ്ടായിട്ടില്ല. അഞ്ച് സെന്റ് ഭൂമിക്ക് 3,75,000 രൂപ കൊടുത്താൽ ശ്മശാന ഭൂമിയോ അതെല്ലെങ്കിൽ അതിനേക്കാൾ പുറമ്പോക്ക് ഭൂമിയോ ആണ് ലഭിക്കുക. ചതുപ്പുസ്ഥലങ്ങൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളാണ് ഇതിനകത്ത് വരുന്നത്. അതുകൊണ്ട് അഞ്ച് സെന്റ് ഭൂമി വാങ്ങുന്നതിന് 2014-ൽ അനുവദിച്ച 3,75,000 രൂപയെന്നുള്ളത് ആനുപാതികമായി വർദ്ധിപ്പിച്ച് ഏറ്റവും ചുരുങ്ങിയത് ഒരു സെന്റ് ഭൂമി വാങ്ങാൻ ഒരു ലക്ഷം രൂപ വച്ച് 5 ലക്ഷം നൽകാൻ സർക്കാർ തയ്യാറാകുമോ?

മി. സ്പീക്കർ: ഭൂമിയുടെ വില വർധിപ്പിക്കുമോ എന്നതാണ് ചോദ്യം?

ശ്രീ. ഒ. ആർ. കേളു: സർ, നമ്മൾ ഭൂമി വാങ്ങി നൽകുന്നത് റവന്യൂ വകുപ്പ് ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള ലാൻഡ് വാല്യൂ പ്രകാരമാണ്. കൂടാതെ, local right ഉം കൂടിയുൾപ്പെടുത്തിയാണ് ഭൂമി വാങ്ങാൻ നടപടി സ്വീകരിക്കുന്നത്. പക്ഷെ ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചതുപോലെ ആ വില വർധിപ്പിച്ചുകൊടുത്താലും ഭൂമി ലഭിക്കാത്തൊരു വിഷയം നിലനിൽക്കുന്നുണ്ടെന്നുള്ളത് ഒരു വസ്തുതയാണ്. ഏതായാലും അദ്ദേഹം ചൂണ്ടിക്കാണിച്ചതിന്റെയടിസ്ഥാനത്തിൽ അക്കാര്യങ്ങൾ വകുപ്പ് പരിശോധിക്കും.

ശ്രീ. അഹമ്മദ് ദേവർകോവിൽ: സർ, കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ കോർപ്പറേഷൻ നിരവധി മാതൃകാപരമായ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. അവരെ ഉയർത്തിക്കൊണ്ടുവരുന്നതിനുവേണ്ടി സ്വയം തൊഴിൽ പദ്ധതിപ്രകാരം എത്ര സംരംഭകരെ വളർത്തിയെടുക്കാൻ സാധിച്ചുവെന്നുള്ളതിന്റെ എന്തെങ്കിലും കണക്കുകൾ ലഭ്യമാണോ?

ശ്രീ. ഒ. ആർ. കേളു: സർ, അതിന്റെ കണക്ക് പ്രത്യേകം ശേഖരിച്ചിട്ടില്ല. എങ്കിലും നമ്മുടെ സംസ്ഥാനത്തിലെ വിവിധ പട്ടികജാതി-പട്ടികവർഗ്ഗ കോർപ്പറേഷനുകൾ നേരിട്ട് സന്ദർശിക്കുകയുണ്ടായി. അതിൽ പല സൊസൈറ്റികൾ നിന്നുപോയിട്ടുണ്ട്. എന്നാൽ ചില സൊസൈറ്റികൾ നന്നായിട്ട് പ്രവർത്തിക്കുന്നുണ്ട്. പ്രവർത്തിക്കുന്ന സൊസൈറ്റികളുടെ പ്രവർത്തനം ക്ഷീണാവസ്ഥയിലാണ് നടക്കുന്നത്. അക്കാര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനുവേണ്ടിയിട്ടുള്ള നടപടികൾ സ്വീകരിക്കാൻ വകുപ്പ് തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. രമേശ് ചെന്നിത്തല: സർ, നമ്മുടെ യു.പി.എ. സർക്കാരാണ് വനാവകാശ നിയമം പാസ്സാക്കിയത്. വിവിധ സംസ്ഥാനങ്ങളിൽ അതിന്റെ നടപ്പാക്കലിനെ സംബന്ധിച്ചുള്ള ധാരാളം പരാതികൾ നിലവിലുണ്ട്. വനാവകാശ നിയമത്തിന്റെ എല്ലാ കാര്യങ്ങളും നമുക്ക് നടപ്പാക്കാൻ കഴിഞ്ഞിട്ടില്ലായെന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. വനാവകാശനിയമം നമ്മുടെ രാജ്യത്തെ പട്ടികവർഗ്ഗ സമൂഹത്തിന് ഏറ്റവും ഗുണകരമായിട്ടുള്ള ഒന്നാണ്. ഭൂമി, തൊഴിൽ, വിദ്യാഭ്യാസം തുടങ്ങിയവയെല്ലാം

ചേർന്നതാണ് അത്. അതിനെ സംബന്ധിച്ച് എന്തെല്ലാം കാര്യങ്ങൾ നടപ്പാക്കിയിട്ടുണ്ട്; എന്തെല്ലാം നടപ്പാക്കാനുണ്ട്; അത് വേഗതയിൽ നടപ്പാക്കാനുള്ള സമീപനത്തിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിക്കണമെന്നുള്ളതിനെപ്പറ്റി പഠിക്കാൻ സർക്കാർ തയ്യാറാകുമോ; വനാവകാശനിയമം എത്രമാത്രം പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുവേണ്ടി നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. ഒ. ആർ. കേളു</u>: സർ, ഇവിടെ ചൂണ്ടിക്കാണിച്ച കാര്യങ്ങൾ കുറെ ശരിയാണ്. ഇപ്പോൾ വനാവകാശനിയമ പ്രകാരം വനത്തിനകത്ത് വീട് നിർമ്മിക്കുന്നതിനുവേണ്ടി വനംവകുപ്പ് പൂർണ്ണമായിട്ടല്ലെങ്കിലും കുറെ സ്ഥലത്ത് അനുമതി ലഭ്യമാക്കിയിട്ടുണ്ട്. അതുപോലെ റോഡ്, കുടിവെള്ളം, വൈദ്യുതി ഇവയൊക്കെ കൊണ്ടുപോകുന്നതിനുവേണ്ടിയിട്ടുള്ള അനുമതി ലഭിച്ചുകൊണ്ടിരിക്കുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ വലിയ രീതിയിലുള്ള അനുമതി ലഭിക്കാത്ത വസ്തുത നിലനിൽക്കുന്നുവെന്നുണ്ട്. അതായത് വനാവകാശ നിയമപ്രകാരം സ്കൂൾ വേണ്ടിടത്ത് സ്കൂൾ നിർമ്മിക്കാനും അല്ലെങ്കിൽ അങ്കണവാടി നിർമ്മിക്കാൻ സാധിക്കുന്ന സ്ഥലത്ത് അങ്കണവാടി

നിർമ്മിക്കാനും അനുമതി നൽകുന്നില്ലായെന്നുള്ളത് വസ്തുതയാണ്. ഇവിടെ അംഗം ചൂണ്ടിക്കാണിച്ചതിന്റെയടിസ്ഥാനത്തിൽ വനം വകുപ്പുമന്ത്രിയുമായി ചേർന്ന് അക്കാര്യങ്ങൾ പരിശോധിക്കുന്നതിനുവേണ്ടിയിട്ടുള്ള ഇടപെടൽ നടത്താം.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, കുന്നത്തൂർ താലൂക്കിൽ, പോരുവഴി വില്ലേജിൽ 60 വർഷക്കാലമായി പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് മാത്രമായി എഴുതി നൽകിയ വസ്തുവിൽ ജനറൽ വിഭാഗത്തിൽപ്പെട്ട മൂന്ന് കുടുംബങ്ങൾ താമസിച്ചുവരികയാണ്. അവർക്ക് ഇതുവരെ മറ്റ് വസ്തുക്കൾ കണ്ടെത്താൻ കഴിയുന്നില്ല, പട്ടയം ലഭിച്ചില്ല എന്നീ കാരണങ്ങളാണ് പറയുന്നത്. അതുകൊണ്ട് അങ്ങ് ഇടപെട്ട് അവർക്ക് അവിടെത്തന്നെ ഭൂമി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ഒ. ആർ. കേളു: സർ, ഇതുസംബന്ധിച്ച കൂടുതൽ കാര്യങ്ങൾ പരിശോധിച്ചതിനുശേഷം മാത്രമെ പറയാൻ കഴിയൂ. ഏതായാലും പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, വനാവകാശ നിയമമനുസരിച്ച് നിരവധി വനഭൂമി സർവ്വേ ചെയ്യുകയും ഭൂരഹിതരായ നിരവധി കുടുംബങ്ങൾക്ക് പതിച്ചുനൽകുകയും ചെയ്തിട്ടുണ്ട്. അങ്ങനെ പതിച്ചുനൽകിയ ഭൂമിയിൽ അവർ താമസിക്കാൻ തയ്യാറാകുന്നില്ല. മാത്രവുമല്ല, ഇപ്പോഴും വയനാട് ജില്ലയെ സംബന്ധിച്ച് മാനന്തവാടി, കൽപ്പറ്റ, ബത്തേരി മേഖലകളിലെ വനപ്രദേശങ്ങളിൽ ടാർപ്പോളിൻ ഷീറ്റിൽ കുടിൽകെട്ടി താമസിക്കുകയാണ്. അക്കാര്യമാണ് മുൻ പ്രതിപക്ഷ നേതാവ് ചൂണ്ടിക്കാണിച്ചത്. കാരണം ഇവർക്ക് പതിച്ചുനൽകിയ ഭൂമി വഴിസൗകര്യമോ, വൈദ്യുതിയോ, കുടിവെള്ളമോയില്ലാത്ത മലമുകളിലാണ്. ഇത് പുന:പരിശോധിച്ച് എത്ര കുടുംബങ്ങൾ ഇത്തരം ഭൂമിയിൽ താമസിക്കുന്നുണ്ടെന്നും എത്ര കുടുംബങ്ങൾ ഈ ഭൂമി ഉപേക്ഷിച്ച് പോയിട്ടുണ്ടെന്നുമുള്ള വിവരങ്ങൾ ശേഖരിച്ച് അത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ഒ. ആർ. കേളു</u>: സർ, ചൂണ്ടിക്കാണിച്ച കാര്യങ്ങളിൽ വസ്തുതയുണ്ട്. ആറളം ഫാമിൽ മൂവായിരം കുടുംബങ്ങൾക്ക് ഭൂമി നൽകിയെങ്കിലും നൂറ് കണക്കിന് കുടുംബങ്ങൾ അവിടെ താമസിക്കുന്നില്ല. അതുപോലെതന്നെ

കോഴിക്കോട് ജില്ലയിലെ പേരാമ്പ്രയിൽ ഒരുപാട് ഗുണഭോക്താക്കൾക്ക് ഭൂമി നൽകിയെങ്കിലും അവിടെയും ആളുകൾ താമസിക്കാൻ തയ്യാറാകുന്നില്ല. പൂർണമായും മലമുകളിലായതുകൊണ്ടല്ല, സ്വന്തം ഉന്നതി വിട്ടിട്ട് ദൂരെപ്പോയി താമസിക്കുന്നതിനുള്ള വിമുഖത പ്രകടിപ്പിക്കുന്നുണ്ട്. വകുപ്പ് എല്ലാ ജില്ലകളിലും ഇതുസംബന്ധിച്ച വിവരങ്ങൾ പരിശോധിച്ച് കണക്ക് ശേഖരിച്ചുവരുന്നുണ്ട്. ഭൂമി അനുവദിച്ചിട്ടും താമസിക്കാൻ തയ്യാറാകാത്തവരെ എന്ത് ചെയ്യണമെന്നതു സംബന്ധിച്ച് വകുപ്പ് പരിശോധിക്കുന്നതുണ്ട്.

## സിനിമ സെറ്റുകളിൽ ആഭ്യന്തര പരാതി പരിഹാര സമിതികൾ

(*63) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമം തടയൽ' നിയമപ്രകാരമുള്ള ആഭ്യന്തര പരാതി പരിഹാര സമിതികൾ സിനിമ

സൈറ്റുകളിൽ രൂപീകരിക്കണമെന്ന നിർദേശം പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കാറുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇതിനാവശ്യമായ ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത സമിതികൾ രൂപീകരിച്ചിട്ടില്ലെങ്കിൽ ഇതിനാവശ്യമായ എന്തെല്ലാം നടപടി സ്വീകരിക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ,

(എ) 'തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമം തടയൽ' നിയമപ്രകാരമുള്ള ആഭ്യന്തര പരാതി പരിഹാര സമിതികൾ സിനിമാ നിർമ്മാണ മേഖലയിൽ നടപ്പാക്കുന്നതുൾപ്പെടെ ജസ്റ്റിസ് കെ. ഹേമ കമ്മിറ്റി റിപ്പോർട്ടിലെ നിർദേശങ്ങൾ ചർച്ച ചെയ്യുന്നതിനായി സാംസ്കാരിക വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ സംസ്ഥാന വനിതാ കമ്മീഷനെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് 04-05-2022-ന് വിവിധ സിനിമാ സംഘടനാ പ്രതിനിധികളുടെ യോഗം ചേരുകയുണ്ടായി.

(ബി) 'തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമം തടയൽ' നിയമപ്രകാരമുള്ള ആഭ്യന്തര പരാതി പരിഹാര സമിതികൾ സിനിമാ നിർമ്മാണ മേഖലയിൽ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് 03-11-2022-ൽ സാംസ്കാരികകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ യോഗം ചേർന്ന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) കേരള വനിതാ കമ്മീഷൻ കേരള ഫിലിം പ്രൊഡ്യൂസേഴ്സ് അസോസിയേഷൻ പ്രതിനിധികളുമായി നടത്തിയ സിറ്റിംഗിൽ എല്ലാ പ്രൊഡക്ഷൻ യൂണിറ്റുകളിലും രജിസ്ട്രേഷൻ നടപടികൾ കൈക്കൊള്ളുന്ന അവസരങ്ങളിൽ ഫിലിം നിർമ്മാണ യൂണിറ്റുകൾ ഇന്റേണൽ കംപ്ലെയിന്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തിക്കൊണ്ടുമാത്രമേ രജിസ്ട്രേഷൻ നൽകുകയുള്ളൂവെന്ന് അറിയിച്ചിരുന്നു. കൂടാതെ മലയാള സിനിമാ മേഖലയിലെ ബന്ധപ്പെട്ട എല്ലാ സംഘടനകളുടെയും പ്രതിനിധികളെ ഉൾപ്പെടുത്തികൊണ്ട് ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കണമെന്ന് കമ്മീഷൻ നിർദേശിച്ചിരുന്നു. ആയതിൻപ്രകാരം ഓരോ സിനിമാ യൂണിറ്റിലും ഇന്റേണൽ കംപ്ലെയിന്റ് കമ്മിറ്റി രൂപീകരിക്കുകയും അതിന്റെ മേൽനോട്ടത്തിനായി മലയാള സിനിമാ

മേഖലയിലെ എല്ലാ സംഘടനകളിൽനിന്നുമുള്ള പ്രതിനിധികളെയുൾപ്പെടുത്തി മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചെന്ന് ഉറപ്പുനൽകുകയും ചെയ്തിട്ടുണ്ട്.

കേരള സർക്കാർ സ്ഥാപനമായ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിൽ ഇന്റേണൽ കംപ്ലെയിന്റ് കമ്മിറ്റി നിലവിലുണ്ട്. കോർപറേഷൻ നിർമ്മിക്കുന്ന വനിത, എസ്.സി/എസ്.റ്റി സിനിമാ പദ്ധതിപ്രകാരമുള്ള സിനിമകളുടെ സെറ്റുകളിലും ആഭ്യന്തര പരാതി പരിഹാര സമിതി രൂപീകരിച്ചിട്ടുണ്ട്.

ജസ്റ്റിസ് കെ. ഹേമ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള തുടർ നടപടികൾ ചർച്ച ചെയ്യുന്നതിനായി 04-10-2024-ൽ ചീഫ് സെക്രട്ടറി വിളിച്ചുചേർത്ത യോഗത്തിൽ സാംസ്കാരികം, തൊഴിൽ, വനിതാ ശിശു വികസനം എന്നീ വകുപ്പുകളെയുൾപ്പെടുത്തി ചലച്ചിത്ര സംഘടനകളുടെ സഹകരണത്തോടെ എല്ലാ സിനിമാ സെറ്റുകളിലും ആഭ്യന്തര പരാതി പരിഹാര സമിതികളുടെ രൂപീകരണം നടന്നിട്ടുണ്ടോയെന്ന് പരിശോധിക്കുന്ന സംവിധാനം ശക്തമാക്കുന്ന വിഷയം ചർച്ച ചെയ്യുകയും ആവശ്യമെങ്കിൽ ഷൂട്ടിംഗ് ലൊക്കേഷനുകളിൽ ഇതുസംബന്ധിച്ച പരിശോധന നടത്തുന്നതിന്

ചീഫ് സെക്രട്ടറി നിർദേശിക്കുകയും ചെയ്തിട്ടുണ്ട്.

ജസ്റ്റിസ് കെ. ഹേമ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിയമ നിർമാണത്തിന്റെ സാധ്യത സർക്കാർ പരിഗണിച്ചുവരുന്ന സാഹചര്യത്തിൽ സിനിമാ സെറ്റുകളിൽ ആഭ്യന്തര പരാതി പരിഹാര സംവിധാനം ഉറപ്പാക്കുന്ന തരത്തിലുള്ള വ്യവസ്ഥകളും ഉൾപ്പെടുത്തുന്നകാര്യം പരിശോധിക്കുന്നതാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, കൊച്ചിയിൽ നടി ആക്രമിക്കപ്പെട്ട സംഭവത്തെത്തുടർന്ന് മലയാള സിനിമയിലെ വനിതാ പ്രവർത്തകർ WCC, അന്നത്തെ ആ സാഹചര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ കണ്ടതിനെത്തുടർന്നാണ് ഹേമ കമ്മിറ്റിയെ ചുമതലപ്പെടുത്തിയത്. മലയാള സിനിമയിലെ സഹോദരിമാർ അനുഭവിക്കുന്ന പ്രയാസങ്ങൾ സർക്കാരിനുമുമ്പിൽ കൊണ്ടുവരാനും നടപടി സ്വീകരിക്കാനുമാണ് കമ്മീഷനെ നിയോഗിച്ചത്. 2019-ൽ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ച് 2024-വരെ ആ റിപ്പോർട്ട് പുറത്തുവിടാതിരിക്കാനും അതിൽ ഒരു നടപടിയും സ്വീകരിക്കാതിരിക്കാനുള്ള കാരണമെന്താണെന്നാണ് ബഹുമാനപ്പെട്ട മന്ത്രി വെളിപ്പെടുത്തേണ്ടത്.

<u>ശ്രീ. സജി ചെറിയാൻ</u>: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയായ കാര്യമാണ്. 2017-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിലാണ് ഹേമ കമ്മിറ്റിയെ നിയമിക്കുന്നത്. അതിന്റെയടിസ്ഥാനത്തിലുള്ള റിപ്പോർട്ട് 31-12-2019-ൽ ഗവൺമെന്റ് മുമ്പാകെ സമർപ്പിച്ചു. തുടർ നടപടികൾക്കായി സാംസ്കാരികകാര്യ വകുപ്പ് സെക്രട്ടറിക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ സ്ത്രീകൾ രഹസ്യമായി വെളിപ്പെടുത്തിയ വിവരങ്ങൾ റിപ്പോർട്ടിലുള്ളതിനാൽ, ആയത് രഹസ്യമായി സൂക്ഷിക്കണമെന്നും റിപ്പോർട്ട് മറ്റാർക്കെങ്കിലും കൈമാറുമ്പോൾ ഇതുസംബന്ധിച്ച് സുപ്രീംകോടതിയുടെ തത്വങ്ങൾ പാലിക്കണമെന്നും 19-02-2020-ന് ജസ്റ്റിസ് കെ. ഹേമ സാംസ്കാരികകാര്യ വകുപ്പുസെക്രട്ടറിയെ രേഖാമൂലം അറിയിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി ഹേമ കമ്മിറ്റി റിപ്പോർട്ട് വിവരാവകാശ നിയമപ്രകാരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള അപ്പീൽ വിവരാവകാശ കമ്മീഷന് ലഭിക്കുകയുണ്ടായി. 22-10-2020-ൽ മുഖ്യ വിവരാവകാശ കമ്മീഷണർ ഒരു ഉത്തരവ് പുറപ്പെടുവിച്ചു. ആ ഉത്തരവുപ്രകാരം വിവരാവകാശ നിയമത്തിലെ പത്താം വകുപ്പുപ്രകാരം വെളിപ്പെടുത്തേണ്ടവ ഏതൊക്കെയെന്ന് വിഭജിച്ച്

ചൂണ്ടിക്കാണിക്കുക സാധ്യമല്ലെന്ന് കാണുന്നു. മേൽ കാരണങ്ങളാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട റിപ്പോർട്ട് വിവരാവകാശ നിയമപ്രകാരം വെളിപ്പെടുത്താൻ നിർവാഹമില്ലെന്ന് കമ്മീഷൻ വിലയിരുത്തി. ഈ രണ്ട് കാര്യങ്ങളുടെ അടിസ്ഥാനത്തിലാണ് വ്യക്തികളുടെ സ്വകാര്യതയെ ബാധിക്കുന്ന പ്രശ്നമായതുകൊണ്ട് ഗവൺമെന്റ് ആ സന്ദർഭത്തിൽ ശ്രമിക്കാതിരുന്നത്. എന്നാൽ ഇതിനുശേഷം ഏറ്റവും അവസാനം വിവരാവകാശ കമ്മീഷന്റെ അടുക്കൽ ഒരു അപ്പീൽ വരികയും വിവരാവകാശ കമ്മീഷൻ ചില പ്രത്യേക ഭാഗങ്ങൾ, ഏതാണ്ട് 63 പേജുകളോളം മാറ്റിവച്ച് ബാക്കി ഭാഗങ്ങൾ നൽകാൻ നിർദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ആ വിവരങ്ങൾ നൽകുകയും ചെയ്തു. അതിനുശേഷം ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ ഹർജി ഫയൽ ചെയ്യുകയും ഹൈക്കോടതി മുഴുവൻ റിപ്പോർട്ടും സബ്മിറ്റ് ചെയ്യാൻ ആവശ്യപ്പെടുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ കോടതിയിൽ സബ്മിറ്റ് ചെയ്യുകയും ഹൈക്കോടതി റിപ്പോർട്ട് സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെ ഏൽപ്പിക്കുകയുമാണുണ്ടായത്. ഇക്കാര്യത്തിൽ സർക്കാരിന് ഒന്നും മറച്ചുവയ്ക്കാനില്ല.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, അങ്ങ് പറഞ്ഞതുപോലെതന്നെ 295 പേജുകളുള്ള റിപ്പോർട്ടിൽനിന്നും 233 പേജുകൽ മാത്രമാണ് പുറത്ത് വിട്ടിട്ടുള്ളത്. വിവരാവകാശ കമ്മീഷൻ പറഞ്ഞതിനേക്കാൾ പേജുകൾ സർക്കാർ മറയ്ച്ചുവച്ചുവെന്ന ആരോപണം പുറത്തുകേൾക്കുന്നുണ്ട്. അതിന് എന്തെങ്കിലും പ്രത്യേക കാരണമുണ്ടോ; അതുപോലെതന്നെ ഷൂട്ടിംഗ് ലൊക്കേഷനുകളിൽ കമ്മിറ്റിയുണ്ടാക്കാൻ പറയുന്നുണ്ട്. കമ്മിറ്റികൾ ഉണ്ടാക്കുന്നത് പരിശോധിക്കുന്നിടത്തെ നമ്മൾ എത്തിയിട്ടുള്ളൂ. ഇത്ര കമ്മിറ്റിയുണ്ടാക്കിയെന്ന് പറയാൻ മന്ത്രിക്ക് സാധിക്കുന്നില്ല. അതുപോലെതന്നെ ഇതിനൊരു നിയമമുണ്ട്. 'തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമം തടയൽ' നിയമപ്രകാരമുള്ള ചട്ടങ്ങൾ സംസ്ഥാനത്ത് ഉണ്ടാക്കിയിട്ടുണ്ടോയെന്ന എന്റെ സ്പെസിഫിക്കായുള്ള ചോദ്യത്തിന് മറുപടിയൊന്നും അങ്ങ് നൽകിയില്ല. ആ ചോദ്യത്തിനുകൂടി മറുപടി നൽകണമെന്നാണ് പറയാനുള്ളത്.

<u>ശ്രീ. സജി ചെറിയാൻ</u>: അങ്ങ് മൂന്ന് ചോദ്യങ്ങളാണ് ചോദിച്ചത്. അതിൽ ഒരു ചോദ്യം പേജ് മറച്ചുവച്ചുവെന്നുള്ളതാണ്. ഒരു പേജും മറയ്ച്ചുവച്ചിട്ടില്ല. വിവരാവകാശ കമ്മീഷൻ ഏറ്റവും അവസാനം ആവശ്യപ്പെട്ടത് വ്യക്തികളുടെ

സ്വകാര്യതയെ ബാധിക്കുന്ന ഏതെങ്കിലും ഭാഗങ്ങളുണ്ടെങ്കിൽ അവ ഒഴിവാക്കി നൽകണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്. അതിൽ ചില പേജുകൾ വ്യക്തികളുടെ സ്വകാര്യതയെ ബാധിക്കുമെന്നുകണ്ടപ്പോൾ ആ പേജുകൾ ഒഴിവാക്കിയിട്ടുണ്ടാകും. അവയല്ലാതെ ഒരു പേജും ഒഴിവാക്കിയിട്ടില്ല. രണ്ടാമത്തെ ചോദ്യം, എന്ത് ചെയ്തുവെന്ന ചോദ്യത്തിന് ഞാൻ മറുപടി നൽകിയിട്ടുണ്ട്. അത് വിശദമായി പറയണമെങ്കിൽ പറയാം.

മി. സ്പീക്കർ: വിശദമായി പറയേണ്ടതില്ല.

ശ്രീ. സജി ചെറിയാൻ: 24 കാര്യങ്ങളാണ് ഹേമ കമ്മിറ്റിയിൽ ശിപാർശയായി വന്നിട്ടുള്ളത്. ആ 24 കാര്യങ്ങളെ സംബന്ധിച്ചുള്ള വ്യക്തമായ തീരുമാനം സർക്കാർ എടുത്തിട്ടുണ്ടെന്നാണ് പറയാനുള്ളത്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, മറ്റുള്ള തൊഴിൽ മേഖലപോലെയല്ല നമ്മുടെ സിനിമാ മേഖല. ചെറിയൊരു കാലയളവിൽ നൂറുകണക്കിനുപേർ ഒത്തുകൂടുകയും ഒരുദിവസം പത്തുമുതൽ ഇരുപത് മണിക്കൂർ വരെ ജോലി ചെയ്യുകയും ഒന്നോരണ്ടോ മാസംകൊണ്ട് സിനിമാ ഷൂട്ടിംഗ് പൂർത്തിയാക്കി പിരിഞ്ഞുപോകുകയുമാണ് ഇന്ന് നടക്കുന്നത്. സ്ഥിരം നിർമ്മാണ

കമ്പനികൾപോലും ഇന്നില്ല. നിയമ പരിരക്ഷയും തൊഴിൽ സുരക്ഷിതത്വവുമൊക്കെ ഉറപ്പുവരുത്തുന്നതിന് ഐ.സി.സി. സ്ഥാപിക്കുക എന്നതുകൊണ്ടുമാത്രം പരിഹാരമാകുകയുമില്ല. സിനിമാ മേഖലയിൽ ഐ.സി.സി.-ക്ക് ഒപ്പം ഒരു ബദൽ സ്വതന്ത്ര സംവിധാനം സർക്കാർ നേരിട്ട് നടപ്പാക്കണമെന്ന് ജസ്റ്റിസ് ഹേമ കമ്മിറ്റി റിപ്പോർട്ട് ശിപാർശ ചെയ്തിട്ടുള്ള സാഹചര്യത്തിൽ ഇത്തരത്തിൽ ഒരു സംവിധാനം രൂപീകരിക്കുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ; അതേസമയം, ധാരാളം നിബന്ധനകൾ കൊണ്ടുവന്നുകൊണ്ട് തളർന്നുകിടക്കുന്ന ഈ മേഖലയെ കൂടുതൽ തളർത്തരുത് എന്നുകൂടി അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. സജി ചെറിയാൻ</u>: സർ, ഒരേ സന്ദർഭത്തിൽ രണ്ട് കാര്യമാണ് പറഞ്ഞിരിക്കുന്നത്. നന്നാക്കണമെന്നും നശിപ്പിക്കണമെന്നും പറഞ്ഞു. അങ്ങനെ പറയാൻ പാടില്ല. (...ബഹളം...) .......ഞാൻ പറയട്ടെ. നന്നാക്കണമെന്ന് പറഞ്ഞ ഭാഗമാണ്, Internal Complaint Committee രൂപീകരിക്കണമെന്നുള്ളത്. അത് നടപ്പാക്കിക്കഴിഞ്ഞു. ഐ.സി.സി. രൂപീകരിച്ചതിന്റെ ഭാഗമായി എല്ലായിടത്തും രജിസ്ട്രേഷൻ ഉണ്ടാകും. ഹേമ

കമ്മിറ്റി ചൂണ്ടിക്കാണിച്ചിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ എല്ലായിടത്തും ഉണ്ടാകുമെന്ന് ഉറപ്പുവരുത്തും. അതുസംബന്ധിച്ച പരിശോധനകൾ നടത്തും. അങ്ങ് ഉന്നയിച്ച മറ്റൊരു ഗൗരവമായ കാര്യം, ഇതിന്റെ അടിസ്ഥാനത്തിൽ ചൂണ്ടിക്കാണിച്ച ട്രിബ്യൂണൽ ഉൾപ്പെടെയുള്ള കാര്യങ്ങൾ. അതൊരു നിയമപരമായ പ്രശ്നമാണ്. പോക്സോ ആക്ട് അടക്കമുള്ള നിരവധി കാര്യങ്ങൾ നിലനിൽക്കുന്ന സന്ദർഭത്തിൽ നമുക്ക് എങ്ങനെയാണ് പുതിയൊരു നിയമം ഇതിന്റെ ഭാഗമായി നിർമ്മിക്കാൻ കഴിയുക എന്നതുസംബന്ധിച്ച് തീർച്ചയായും ഗവൺമെന്റ് തീരുമാനം എടുത്തുകഴിഞ്ഞു. നിയമോപദേശം സ്വീകരിക്കുന്നതിനായി നിയമവകുപ്പിന് ഫയൽ അയച്ചുകഴിഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ ഒരു പുതിയ നിയമം നിർമ്മിക്കാൻ കഴിയുമെങ്കിൽ പുതിയ നിയമം ഇതുമായി ബന്ധപ്പെട്ട് നിർമ്മിക്കും എന്ന കാര്യം നിയമസഭയ്ക്ക് ഉറപ്പുതരാൻ ഞാൻ ആഗ്രഹിക്കുകയാണ്.

<u>ശ്രീ. നജീബ് കാന്തപുരം</u>: സർ, 2019-ൽ ഹേമ കമ്മിറ്റി റിപ്പോർട്ട് ലഭിച്ചിട്ടും, കഴിഞ്ഞ നാല് വർഷക്കാലം ഈ റിപ്പോർട്ടിനകത്തെ ക്രൈമെല്ലാം

കൃത്യമായി സർക്കാരിന് അറിയാമായിരുന്നിട്ടും അതിന്മേൽ കേസെടുക്കാതെ മാറ്റിവച്ചത് ആരോപണ വിധേയരായ ആളുകളെ സംരക്ഷിക്കാൻവേണ്ടിയല്ലേ?

ശ്രീ. സജി ചെറിയാൻ: സർ, സർക്കാരിന് അതെങ്ങനെയാണ് അറിയാൻ പറ്റുന്നത്. സർക്കാരിന്റെ മുമ്പിൽ വന്ന ഇക്കാര്യം മന്ത്രി പരിശോധിച്ചിട്ടില്ല. റിപ്പോർട്ട് കൊടുക്കണമെന്ന് പറഞ്ഞപ്പോൾ ജസ്റ്റിസ് ഹേമ തന്നെ ഇത് പുറത്ത് വിടരുതെന്ന് പറഞ്ഞു. അതുകഴിഞ്ഞ് വിവരാവകാശ കമ്മീഷൻ പറഞ്ഞു. രണ്ടാമതും വിവരാവകാശ കമ്മീഷൻ പറഞ്ഞപ്പോൾ റിപ്പോർട്ട് കൊടുത്തു. അതുകഴിഞ്ഞ് ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞപ്പോൾ അത് സബ്മിറ്റ് ചെയ്തു. ഞങ്ങൾക്ക് ഒന്നും ഭയപ്പെടേണ്ട കാര്യമില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദേശ പ്രകാരം ആഭ്യന്തര വകുപ്പ് ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെ നിയോഗിച്ചു. അന്വേഷണം നടക്കുന്നുണ്ട്. ഏതൊരാൾക്കും ഇതുസംബന്ധിച്ചുള്ള പരാതി നൽകാം. ഇതിനകത്ത് നൽകിയിട്ടുള്ള മൊഴികളുടെ പകർപ്പ് അവർ ഏൽപ്പിച്ചിട്ടുണ്ട്. ഏത് നിയമ നടപടി സ്വീകരിക്കുന്നതിലും സർക്കാരിന് യാതൊരുവിധ എതിർപ്പുമില്ല.

സർക്കാർ ഇരയോടൊപ്പമാണെന്ന കാര്യം ഉറപ്പിച്ചുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ചിത്രീകരണം പൂർത്തിയായ സിനിമകൾക്ക് സെൻസർ ബോർഡ് സർട്ടിഫിക്കേഷൻ നൽകുന്നതിന് മുമ്പ് പ്രസ്തുത ചിത്രത്തിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമം തടയുന്നതുമായി ബന്ധപ്പെട്ട പരാതി പരിഹാര സമിതി രൂപീകരിക്കപ്പെട്ടിട്ടുണ്ടെന്നും പ്രസ്തുത സമിതി കൃത്യമായി പ്രവർത്തിച്ചിട്ടുണ്ടെന്നും സമിതി മുമ്പാകെ പരാതികൾ ഉന്നയിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അത്തരം പരാതികൾക്ക് നീതിയുക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഉറപ്പുവരുത്താൻ ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, ഞാനിവിടെ പറഞ്ഞല്ലോ; നിയമപരമായ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള ആലോചന തുടങ്ങിക്കഴിഞ്ഞു. നിലവിലുള്ള നിയമവ്യവസ്ഥയെ നിലനിർത്തിക്കൊണ്ട് ഇതിനകത്ത് ഒരു പ്രത്യേക നിയമപരമായ സംവിധാനം എങ്ങനെ രൂപപ്പെടുത്താൻ കഴിയും എന്നതാണ്. ഇപ്പോൾ ഇതിനെല്ലാം നിയമപരമായ നടപടിക്രമങ്ങൾ

സ്വീകരിക്കാനുള്ള സംവിധാനമുണ്ട്. എന്നാൽ, സിനിമാ രംഗത്തെ പ്രത്യേക പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ ഒരു പ്രത്യേക നിയമസംവിധാനം എന്താണ്; അത് ഞങ്ങൾ അന്വേഷിക്കാൻ തീരുമാനിച്ചു. അതിന് നിയമോപദേശം ചോദിക്കാൻ തീരുമാനിച്ചുകഴിഞ്ഞു. അത് വന്നുകഴിഞ്ഞാൽ ഏറ്റവും വേഗം അനുസംബന്ധിച്ച തീരുമാനമെടുക്കും. അത് അങ്ങയെ അറിയിച്ചിരിക്കും.

<u>ശ്രീ. കെ. പ്രേംകുമാർ</u>: സർ, പുതിയ സാഹചര്യത്തിൽ സംസ്ഥാന സർക്കാർ സിനിമാ നയം രൂപീകരിക്കാൻ ആലോചിക്കുന്നുണ്ടോ; മാത്രവുമല്ല, വനിതകൾ സംവിധായകരായിട്ടുള്ള സിനിമകളെ പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

<u>ശ്രീ. സജി ചെറിയാൻ</u>: സർ, സംസ്ഥാനത്ത് ഒരു സമഗ്രമായ സിനിമാ നയം രൂപീകരിക്കുന്നത് ലക്ഷ്യമാക്കി സർക്കാർ ചില നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി ശ്രീ. ഷാജി എൻ. കരുൺ ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നുണ്ട്. അവർ സിനിമാ മേഖലയിലെ എല്ലാ സംഘടനകളുമായും ആവശ്യമായ ചർച്ചകൾ ഇതിനകം നടത്തിക്കഴിഞ്ഞു. അതിന്റെ പ്രാഥമിക റിപ്പോർട്ട് ഇപ്പോൾ സാംസ്കാരിക

വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. അത് പരിശോധിച്ചുകൊണ്ടിരിക്കുന്നു. ഗവൺമെന്റ് തലത്തിൽ ഇതുസംബന്ധിച്ച് ഏറ്റവുംവേഗം തീരുമാനമെടുക്കുകയും ഒരു സിനിമാ നയം രൂപീകരിച്ചുകൊണ്ട്, ഈ സംസ്ഥാനത്തെ സിനിമാ രംഗത്തെ എല്ലാ പ്രശ്നങ്ങളെയും കൃത്യമായി അഡ്രസ് ചെയ്യാൻ കഴിയുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. അതുമായി മുന്നോട്ട് പോകാനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. ഇതിന്റെ ഭാഗമായി ഒരു കോൺക്ലേവ് നടത്താൻ ആഗ്രഹിക്കുന്നു. എല്ലാവരുമായും ചർച്ച നടത്താനാണ് ആ കോൺക്ലേവുകൊണ്ട് ഉദ്ദേശിക്കുന്നത്. പ്രതിപക്ഷവും ഭരണപക്ഷവും സിനിമാ മേഖലയിലെ വിവിധ സംഘടനകളും എല്ലാമായി ചർച്ച നടത്തി തീർച്ചയായും അക്കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്.

<u>ശ്രീമതി കെ. കെ. രമ</u>: സർ, POSH ACT, 2013 നിലവിൽ വന്നതിനുശേഷം തൊഴിലുടമകളും തൊഴിലിടങ്ങളിൽ ഐ.സി.-കൾ രൂപീകരിക്കേണ്ടതാണെന്ന് കർശനമായി പറഞ്ഞിട്ടുണ്ട്. ഐ.സി.-കൾ രൂപീകരിക്കാതിരുന്ന തൊഴിലുടമയിൽനിന്നും പിഴ ഉൾപ്പെടെ ഈടാക്കണമെന്നും ലൈസൻസ് റദ്ദ് ചെയ്യണമെന്നുമുണ്ട്. WCC 2018-ൽ

നൽകിയ ഒരു വിധി ഹൈക്കോടതി പ്രത്യേകം പരാമർശിച്ചിട്ടുണ്ട്, ഈ നിയമം നടപ്പാക്കാൻ സർക്കാർ മുൻകൈ എടുക്കണമെന്ന്. അങ്ങനെയാണെങ്കിൽ 2013-ൽ ഈ നിയമം നിലവിൽ വന്നതിനുശേഷം ഈ ഐ.സി. രൂപീകരിക്കാത്ത എത്ര തൊഴിലുടമകൾക്ക്, അല്ലെങ്കിൽ ചലചിത്ര കമ്പികൾക്കുനേരെ പിഴ ഈടാക്കിയിട്ടുണ്ടെന്നും അത് ഏതെങ്കിലും ചലചിത്ര കമ്പനിയുടെ ലൈസൻസ് റദ്ദാക്കിയിട്ടുണ്ടോയെന്നും ഇത് നടപ്പാക്കാനാവശ്യമായ എന്ത് നടപടിയാണ് സർക്കാർ മുൻകയ്യെടുക്കുക എന്നുള്ളതുമാണ് ചോദ്യം?

ശ്രീ. സജി ചെറിയാൻ: സർ, ഇന്റേണൽ കമ്മിറ്റി രൂപീകരിച്ചുകൊണ്ട് അതിന്മേൽ നടപടി സ്വീകരിക്കാൻ വനിതാ കമ്മീഷനും സംസ്ഥാന സർക്കാരും നിർദേശം നൽകിയിട്ടുണ്ട്. എവിടെയെങ്കിലും പരാതികൾ വന്നിട്ടുണ്ടെങ്കിൽ അത് പരിശോധിക്കും. ഇവിടെ പ്രശ്നമെന്നുപറഞ്ഞാൽ, ഈ വിഷയം വന്നതിനുശേഷം ഏതാണ്ട് എല്ലാ സിനിമാ സൈറ്റുകളിലും അല്ലെങ്കിൽ സിനിമാ ഷൂട്ടിംഗ് കേന്ദ്രങ്ങളിലും ഇപ്പോൾ കാര്യക്ഷമമായ ഇടപെടൽ നടക്കുന്നുണ്ട്. ഇതിനുമുമ്പ് ചൂണ്ടിക്കാണിച്ച വിഷയങ്ങളാണ് ഹേമ കമ്മിറ്റി റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ളത്. പക്ഷേ, ഈ ഇടപെടലിനുശേഷം

അടിസ്ഥാന സൗകര്യങ്ങൾ, അവർക്ക് ടോയ്‌ലറ്റ് ഫെസിലിറ്റീസ് ഇല്ല, അല്ലെങ്കിൽ അവർക്ക് ഉറങ്ങാനുള്ള സൗകര്യങ്ങളില്ല. മറ്റ് പ്രശ്നങ്ങളാണ് ചൂണ്ടിക്കാണിച്ചത്. അത്തരം പ്രശ്നങ്ങളെല്ലാം പരിഹരിക്കുന്നതിന് ഈ രംഗത്തുള്ള നിർമ്മാക്കൾ, സംവിധായകരുടെ സംഘടനകൾ എല്ലാവരെയും വിളിച്ച് ഞങ്ങൾ യോഗം കൂടി. ഞാൻതന്നെ പങ്കെടുത്തുകൊണ്ട് ഇവരുടെ യോഗം കൂടി. കർശനമായ നിർദേശം നൽകിക്കഴിഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ കാര്യമായ പരാതികൾ വന്നിട്ടില്ല. പരാതികൾ ശ്രദ്ധയിൽ വന്നാൽ ഇക്കാര്യത്തിൽ കർശനമായ നടപടി സ്വീകരിക്കുമെന്നാണ് പറയാനുള്ളത്.

ഡോ. കെ. ടി. ജലീൽ: സർ, ഇന്ത്യയിൽ മറ്റേതെങ്കിലും സംസ്ഥാനങ്ങളിലോ ലോകത്ത് ഏതെങ്കിലും രാജ്യങ്ങളിലോ സിനിമാ രംഗത്ത് വനിതാ കലാകാരികളും സാങ്കേതിക പ്രവർത്തകരും അനുഭവിക്കുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് പഠിക്കാൻ ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് നിയമിച്ച ഹേമ കമ്മിറ്റിക്ക് സമാനമായ ഒരു സംവിധാനം നിയമിക്കപ്പെട്ടതായോ സമഗ്രമായ ഒരു റിപ്പോർട്ട് അതിന്റെ അടിസ്ഥാനത്തിൽ

സമർപ്പിക്കപ്പെട്ടതായോ സർക്കാരിന്റെ ശ്രദ്ധയിലുണ്ടോ; ഉണ്ടെങ്കിൽ അതൊന്ന് വെളിപ്പെടുത്താമോ?

ശ്രീ. സജി ചെറിയാൻ: സർ, ഇന്ത്യയിൽ ആദ്യമായി ഒരു സംസ്ഥാനത്ത് സിനിമാ രംഗത്തെ ഇത്തരം പ്രശ്നങ്ങൾ പരിശോധിക്കുന്നതിനായി ഒരു കമ്മിറ്റിയെ വച്ചത് ഒന്നാം പിണറായി ഗവൺമെന്റാണ്. ആ കാര്യത്തിൽ ഇന്ത്യക്കും ലോകത്തിനും മാതൃകയാണ്. ഇന്നിപ്പോൾ അവിടെയിരിക്കുന്ന ആളുകളുടെ നേതൃത്വത്തിൽ ഭരണം നടത്തുന്ന കർണാടക ഗവൺമെന്റ് ഒരു കമ്മിറ്റിയെ നിയോഗിക്കുന്നതിനെ കുറിച്ച് ആലോചിച്ചതുപോലും കേരളത്തിന്റെ മാതൃക പിന്തുടർന്നാണ്. നല്ല കാര്യമാണ്. അതെല്ലാം നമ്മൾ അംഗീകരിക്കേണ്ട കാര്യമാണ്. കേരള ഗവൺമെന്റ് എല്ലാത്തിനും മാതൃകയാണല്ലോ; അതിന്റെ ഭാഗമായിവന്ന റിപ്പോർട്ടും പരിശോധിച്ചുകൊണ്ട് നടപടികളിലേയ്ക്ക് സർക്കാർ കടക്കുകയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഈ കേസിൽ വളരെ ഗുരുതരമായ ചില തെറ്റുകൾ സർക്കാർ ചെയ്തു. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മറുപടി പറഞ്ഞപ്പോൾ, ജസ്റ്റിസ് ഹേമ ഇത് പുറത്തുവിടരുതെന്ന്

എഴുതിക്കൊടുത്തു എന്നുപറഞ്ഞു. ജസ്റ്റിസ് ഹേമ ഈ റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിച്ചാൽ പിന്നെ അത് ഗവൺമെന്റിന്റെ പ്രോപ്പർട്ടിയാണ്. ഗവൺമെന്റാണ് തീരുമാനമെടുക്കേണ്ടത്. രണ്ട്, ജസ്റ്റിസ് ഹേമ ഇത് പുറത്ത് വിടരുതെന്ന് ഒരിക്കലും പറഞ്ഞിട്ടില്ല. അവർ പറഞ്ഞിരിക്കുന്നത് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ മാർഗനിർദേശം അനുസരിച്ച് പുറത്തുവിടണമെന്നാണ്. എന്താണ് സുപ്രീംകോടതിയുടെ മാർഗനിർദേശം; ഇരയുടെ ഐഡന്റിറ്റി വെളിപ്പെടുത്തരുതെന്ന്. നമ്മുടെ രാജ്യത്ത് ഒരു സെക്ഷ്വൽ ഒഫൻസിലും ഇരയുടെ ഐഡന്റിറ്റി വെളിപ്പെടുത്താൻ പാടില്ല. ഏറ്റവും ഗുരുതരമായ തെറ്റ് ചെയ്തത്, നാലര വർഷക്കാലം ഇതിന്മേൽ യാതൊരു നടപടിയുമെടുക്കാതെ അടയിരുന്നു. ഇതിനകത്ത് ഇരകളുടെ മൊഴികളാണുള്ളത്. That means a series of offenses have already been committed. The government have information. ഒഫൻസ് കമ്മിറ്റ് ചെയ്തുവെന്ന് ഗവൺമെന്റിന് ഇൻഫർമേഷൻ കിട്ടി.

മി. സ്പീക്കർ: യെസ്...ചോദ്യം.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാനൊന്ന് പൂർത്തിയാക്കിക്കോട്ടെ. അങ്ങ് ഇന്നലെയും എത്ര 'യെസ്' പറഞ്ഞു.

മി. സ്പീക്കർ: സമയം കളയരുത്. അതുകൊണ്ടാണ്. പ്ലീസ്...

ശ്രീ. വി. ഡി. സതീശൻ: സർ, എന്നാൽ വേണ്ട, ഞാൻ നിർത്തിക്കൊള്ളാം. ഇത് ശരിയല്ല.

മി. സ്പീക്കർ: അങ്ങ് പ്രകോപിതനാകേണ്ടതില്ല. കൺക്ലൂഡ് ചെയ്യൂ. പ്ലീസ്...

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് നിരന്തരമായി 'യെസ്' പറയുകയാണ്.

മി. സ്പീക്കർ: അങ്ങനെ പറയരുത്. സമയം പോകുകയാണ്. അങ്ങേയ്ക്ക് ഉത്തരം ലഭിക്കേണ്ടേ; അങ്ങ് ചോദ്യം ചോദിക്കൂ. പ്ലീസ് കൺക്ലൂഡ്.

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് ഇന്നലത്തെ എന്റെ പ്രസംഗം എടുത്തുനോക്കൂ. എന്റെ പ്രസംഗത്തിന്റെ പകുതിഭാഗവും അങ്ങയുടെ 'യെസ്' ആണ്.

മി. സ്പീക്കർ: അങ്ങ് 25 മിനിറ്റ് ഇന്നലെ സംസാരിച്ചു. അത് തർക്കിക്കേണ്ട. അങ്ങ് കൺക്ലൂഡ് ചെയ്യൂ.

ശ്രീ. വി. ഡി. സതീശൻ: സർ, ഇതിനകത്തെ ഗൗരവമായൊരു കാര്യം, പ്രത്യേകിച്ച് ഒരു സെക്ഷ്വൽ ഒഫൻസ് നടന്നുവെന്ന് വ്യക്തിക്കോ ഗവൺമെന്റിനോ ഇൻഫർമേഷൻ ലഭിച്ചാൽ, അതിനുള്ള നടപടിക്രമങ്ങൾ എടുത്ത് വായിച്ചുനോക്ക്, അതിന്മേൽ അന്വേഷണം നടക്കാതിരിക്കുന്നത്, അതിന്മേൽ എഫ്.ഐ.ആർ. ഇട്ട് അന്വേഷണം നടക്കാതിരിക്കുന്നത് 6 മാസം തടവുശിക്ഷ കിട്ടാവുന്ന കുറ്റമാണ്. അങ്ങനെയുള്ള ഒരു ക്രിമിനൽ കുറ്റമാണ് നാലര വർഷക്കാലം സർക്കാർ ഇത് പൂഴ്ത്തിവച്ചത്. മാത്രമല്ല, 97 മുതൽ 107 വരെ പേജ് പുറത്താക്കരുതെന്ന് ഇൻഫർമേഷൻ കമ്മീഷൻ പറഞ്ഞിട്ടില്ല. വേണ്ടപ്പെട്ടവരെ രക്ഷിക്കാൻ നിങ്ങളത് പുറത്താക്കിയില്ല. ഇതെല്ലാം ഇപ്പോൾ ഹൈക്കോടതി പറഞ്ഞല്ലോ; അതുകൊണ്ട് ഇക്കാര്യത്തിൽ ഗൗരവതരമായ അന്വേഷണം നിങ്ങൾ നടത്തുമോ?

ശ്രീ. സജി ചെറിയാൻ: സർ, പ്രതിപക്ഷനേതാവെന്ന നിലയിൽ അങ്ങ് ഇക്കാര്യങ്ങളെല്ലാം മനസ്സിലാക്കുന്ന ഒരാളാണ്. ജസ്റ്റിസ് ഹേമ സാംസ്കാരിക വകുപ്പ് സെക്രട്ടറി റാണി ജോർജിന് എഴുതിക്കൊടുത്ത കത്തുണ്ട്. ഈ റിപ്പോർട്ട് പുറത്തുവിടുന്നതിൽ യാതൊരു തടസ്സവുമില്ലെന്നാണ് അവർ പറഞ്ഞതെന്നാണ്

അങ്ങിവിടെ പറഞ്ഞത്. “ I would also bring to your kind notice the need to keep the report confidential, since it contains details of sexual assaults, harassment and abuse, which were disclose to the committee by various women in privacy is an in camera proceedings” . വിവരാവകാശ കമ്മീഷന്റെ റിപ്പോർട്ടുപ്രകാരം, ഇത് വ്യക്തിയുടെ സ്വകാര്യതയെ ബാധിക്കുന്നതായതിനാൽ ഒരു കാരണവശാലും ഇത് പുറത്തുകൊടുക്കാൻ പാടില്ല എന്നാണ്. വിശദമായ റിപ്പോർട്ടാണ്. മൂന്നുനാല് പേജുണ്ട്. ഈ രണ്ട് റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ ഇതെല്ലാം പുറത്തുവിട്ട് നിയമപരമായി ചെയ്യാൻ പാടില്ലാത്ത കാര്യങ്ങൾ പുറത്തുവിട്ട് ഞങ്ങൾ എന്തോ കുറ്റം ചെയ്തു എന്ന ധാരണയിലേയ്ക്ക് അങ്ങ് എത്തേണ്ട കാര്യമില്ല. എന്നാൽ ഞങ്ങൾ ചെയ്യേണ്ട കാര്യമെന്താണ്; ഞങ്ങളുടെ മുന്നിൽ വന്ന പ്രശ്നങ്ങളെ സംബന്ധിച്ച് പരിശോധിക്കാനായി തീരുമാനിച്ചു. അങ്ങനെ തീരുമാനിക്കുമ്പോൾ വിവരാവകാശ കമ്മീഷന്റെ ഒരു ഉത്തരവ് പിന്നീട് വരുന്നു. ഈ റിപ്പോർട്ടിൽ വ്യക്തികളുടെ സ്വകാര്യതയെ ബാധിക്കുന്ന കാര്യങ്ങൾ ഒഴിച്ചുള്ളത് പുറത്ത് വിടുന്നു. ഒരു മടിയും കൂടാതെ അത് മുഴുവൻ പുറത്തുവിടുന്നു. അപ്പോൾ

ഹൈക്കോടതിയിൽ കേസ് പോയി. അപ്പോൾ ഹൈക്കോടതി പറഞ്ഞു, ഇതുസംബന്ധിച്ചുള്ള എല്ലാ റിപ്പോർട്ടും ഹൈക്കോടതിയിൽ ഹാജരാക്കണം. ഒരെണ്ണവും മാറ്റിവയ്ക്കണ്ട. മുഴുവൻ ഹൈക്കോടതിയിൽ കൊടുത്തു. കോടതി കേസ് പരിഗണിക്കുന്ന ഘട്ടത്തിന് മുമ്പുതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഡയറക്ഷൻ അനുസരിച്ച് സംസ്ഥാന ഗവൺമെന്റ് സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെ നിയമിച്ചു. അതിനുമുമ്പിൽ പരാതി വന്നു. ഏതെങ്കിലുമൊരു പരാതി പരിശോധിക്കാനുണ്ടോയെന്ന് ഞാൻ പ്രതിപക്ഷനേതാവിനെ വെല്ലുവിളിക്കുകയാണ്. ഒരു പരാതിയും പരിശോധിക്കാനില്ല. എല്ലാ പരാതിയും പരിശോധിച്ചുകൊണ്ടിരിക്കുന്നു. ആർക്കുവേണമെങ്കിലും പരാതി നൽകാം. ഇതിൽ മൊഴി തന്നവർക്കെല്ലാം അവിടെ പരാതി നൽകാം. അല്ലെങ്കിൽ അവരുടെ മൊഴി സംബന്ധിച്ച് പരിശോധിക്കാം. ഒന്നിനും സർക്കാരിന് തടസ്സമില്ല. നിയമപരമായ കാര്യങ്ങളാണ് പൂർണ്ണമായും ഞങ്ങൾ ചെയ്തിട്ടുണ്ടെന്ന കാര്യം വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഇവിടെ വളരെ കൃത്യമായൊരു വിവരണം മന്ത്രി നൽകിയിട്ടുണ്ട്.

അതോടൊപ്പംതന്നെ, ഈ കേസ് സംബന്ധിച്ച് ലഭിച്ച റിപ്പോർട്ട് പോലീസ് ഡി.ജി.പി.-ക്ക് നൽകിയിരുന്നു. അതിനുശേഷം ഇപ്പോൾ ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞ പരാമർശം പത്രം വായിക്കുന്ന എല്ലാവർക്കുമറിയാം. ഹൈക്കോടതി പറഞ്ഞതെന്താണ്? ഒരു സംഭവം നടന്നുവെന്ന് കേട്ടാൽ അതിന് കേസുമായി മുന്നോട്ട് പോകാൻ താൽപര്യമില്ലെന്ന് ഇരകൾ അറിയിച്ചുകഴിഞ്ഞാൽ പിന്നെ എങ്ങനെ കേസുമായി പോകുമെന്നാണ് ഹൈക്കോടതിയുടെ പരാമർശം. രണ്ടാമത്തേത്, ശ്രീമതി ഹേമയെപ്പോലൊരു ജഡ്ജി, ഹൈക്കോടതി ജഡ്ജിയായിരുന്നയാൾ, വളരെ ആദരിക്കപ്പെടുന്ന വ്യക്തിത്വം ഇത്രയും കാര്യങ്ങളെല്ലാം വരുമ്പോൾ സാധാരണ ഗതിയിൽ ഒരു കമ്മീഷന്റെ ഒന്നാമത്തെ റെക്കമെന്റേഷൻ എന്താകണമായിരുന്നു; ഈ പറയുന്നതിനുപകരം, ഇതിനെ അടിസ്ഥാനപ്പെടുത്തി അടിയന്തരമായി ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യണമെന്നല്ലേ സാധാരണ പറയേണ്ടത്; കമ്മീഷനെ നിയമിച്ചത് അതിനാണല്ലോ; അതിന് ഹൈക്കോടതിയുടെ പരാമർശംകൂടി വന്നിട്ടുണ്ട്. സഭയെ തെറ്റിദ്ധരിപ്പിക്കാനുള്ള ശ്രമമാണ് ഇപ്പോൾ തുറന്നുകാട്ടപ്പെട്ടത്.

<u>മി. സ്പീക്കർ</u>: ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

<u>ശ്രീ. വി. ഡി. സതീശൻ</u>: (മൈക്ക് ഓഫ്)

<u>മി. സ്പീക്കർ</u>: പ്ലീസ്.. പ്ലീസ്.. അങ്ങ് മൂന്ന് മിനിട്ടാണ് സമയമെടുത്തത്. അങ്ങ് വേണമെങ്കിൽ ഈ വിഷയം സബ്മിഷനായി കൊണ്ടുവന്നോളൂ. Sorry. ഒരുകാര്യം ഇവിടെ സൂചിപ്പിക്കാനുള്ളത്, നിർഭാഗ്യവശാൽ ഈ സഭ കാണുന്നത് ഏറ്റവും മുതിർന്ന അംഗങ്ങൾ, എത്രയോ സീനിയോറിറ്റിയുള്ള, ഒരുപക്ഷേ, എന്റെ പ്രായത്തിന്റെ പകുതിയോളം നിയമസഭാ സാമാജികന്മാരായി ഇരുന്ന ആളുകളുടെ ഭാഗത്തുനിന്നാണ് ചോദ്യങ്ങൾ പലപ്പോഴും സ്റ്റേറ്റ്മെന്റുകളായി മാറുന്നത്. അത് ഒരു അനുകരണീയ മാതൃകയല്ല. എല്ലാ അംഗങ്ങളും ചോദ്യങ്ങൾ 30-45 സെക്കന്റുകൾക്കുള്ളിൽ ഒതുക്കണം. 45 സെക്കന്റ് ക്രോസ് ചെയ്യുമ്പോഴാണ് പലപ്പോഴും 'യെസ്.. യെസ്..' പറയുന്നത്. (...ബഹളം...) ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് തർക്കിക്കേണ്ട. അങ്ങയോടുള്ള എല്ലാ ബഹുമാനവും നിലനിർത്തിക്കൊണ്ട് പറയാം. ഞാൻ അങ്ങയെ ബഹുമാനിക്കുന്നു. ആദരിക്കുന്നു. പക്ഷേ, ഞാൻ തുറന്നുപറയാം. വ്യക്തിപരമായി എടുക്കേണ്ട. അങ്ങാണ് എനിക്ക് ആദ്യമായി പാർലമെന്ററി

പ്രൊസീഡിംഗ്സ് സംബന്ധിച്ച് ക്ലാസെടുത്തത്. അപ്പോൾ അങ്ങ് പറഞ്ഞൊരു കാര്യമുണ്ട്. അതിവിടെ പറയാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. ഏതായാലും ഒരുകാര്യം, നമ്മൾ എല്ലാ അംഗങ്ങളും, across the opposition and treasury bench, ചോദ്യങ്ങൾ സ്റ്റേറ്റ്മെന്റുകളാകരുത്. ചോദ്യങ്ങൾ ചോദ്യങ്ങളാകണം. അല്ലാതെ ചോദ്യങ്ങൾ സ്റ്റേറ്റ്മെന്റുകളായി മാറുമ്പോൾ... നിങ്ങൾ വേണമെങ്കിൽ calling attention, submission കൊണ്ടുവന്നോളൂ. ചോദ്യങ്ങൾ എങ്ങനെയാണ് പ്രസംഗങ്ങളായി മാറുക; അത് ഒരു കാരണവശാലും ഈ ഫ്ലോറിൽ ആര് കൊണ്ടുവന്നാലും അംഗീകരിക്കുന്നതല്ല.

ഓർഡർ... ഓർഡർ... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തര സമയം കഴിഞ്ഞു.)